മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

Vol. 09 No. 14 THE ONLINE OFFICIAL NEWS BULLETIN 2026 April 02

SEASON OF RESURRECTION ഉയിർപ്പുകാലം

ܩܕܝܫܬܐ SUNDAY	ܬܪܝܢ ܫܒܝܢ MONDAY	ܬܠܬܐ TUESDAY	ܪܒܥܐ WEDNESDAY	ܚܡܝܫܝ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
5 Qyomto Easter Resurrection Sunday 61st Mem. of Kuriakose Mar Gregorios Metropolitan ✠ (Pampady Dayara)	HEVORO WEEK 6 Hevoro Monday	7 218th Mem. of Valiya Mar Dionysius Metropolitan ✠ (Mar Thoma VI) (Puthencavu Cathedral) Hevoro Tuesday	HEVORO WEEK 8 Hevoro Wednesday	HEVORO WEEK 9 Hevoro Thursday	HEVORO WEEK 10 Hevoro Friday	11 Hevoro Saturday

പരിശുദ്ധ ബസ്സേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ഓശാന പെരുന്നാൾ ശുശ്രൂഷകൾക്ക് പാമ്പാടി ദയറായിൽ പ്രധാന കാർമ്മികത്വം വഹിച്ചു.

വിശുദ്ധിയുടെ പരിമളം പരത്തി മൂറോൻ കൂദാശ

കോട്ടയം: ആത്മീയ സുഗന്ധം പരത്തി സഭാചരിത്രത്തിലെ പതിനൊന്നാം മൂറോൻ കൂദാശ നിർവഹിച്ച് മലങ്കരസഭ. വലിയ നോമ്പിലെ നാൽപതാം വെള്ളിയാഴ്ച ദേവലോകം കാതോലി ക്കേറ്റ് അരമന ചാപ്പലിൽ നടന്ന ശുശ്രൂഷയിൽ സഭാധ്യക്ഷൻ പ. ബസേലിയോസ് മാർ ത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ മുഖ്യകാർമികത്വം വഹിച്ചു. സഭയിലെ മെത്രാപ്പൊലീത്താമാർ സഹകാർമികരായി. ഇത്യോപ്യൻ, എറിട്രി യൻ സഭകളിലെയും റഷ്യൻ ഓർത്തഡോക്സ് സഭയിലെയും മെത്രാപ്പൊലീത്തമാരും പങ്കെടുത്തു.

അരമനയിൽ പുലർച്ചെ 4.30 നു രാത്രി നമസ്കാരവും പ്രഭാത നമസ്കാരവും നടന്നു. 6.45-നു കാതോലിക്കാ ബാവായെ അരമന ചാപ്പലിലേക്ക് ആനയിച്ചു. എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് ശുശ്രൂഷാ സംവിധാനത്തിനു നേതൃത്വം നൽകി. വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ അർക്കദിയാക്കോൻ സ്ഥാനം വഹിച്ചു. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് റീശ് കോറെപ്പിസ്കോപ്പാ ശുശ്രൂഷയെപ്പറ്റി വിശദീകരിച്ചു. വൈദിക സെമിനാരി മുൻ പ്രിൻസിപ്പൽ ഫാ. ഡോ. ജേക്കബ് കുര്യൻ മുഖ്യസന്ദേശം നൽകി. ഡോ. എം. പി. ജോർജ് കോറെപ്പിസ്കോപ്പായുടെ നേതൃത്വത്തിലുള്ള ഗായകസംഘം ഗാനശുശ്രൂഷ നയിച്ചു. കൂദാശയ്ക്കു ശേഷം ബാവായുടെ മുഖ്യകാർമികത്വത്തിൽ കുർബാന അർപ്പിച്ചു. വിശുദ്ധ മൂറോൻ പകർന്ന കുപ്പി വിശ്വാസികൾ ചുംബിച്ചു വണങ്ങിയതോടെ ചടങ്ങുകൾ അവസാനിച്ചു.

വിദേശ സംഭാവന നിയന്ത്രണ നിയമ ഭേദഗതിക്കുള്ള നീക്കം പുനഃപരിശോധിക്കണം: പ. കാതോലിക്കാ ബാവാ

ഓർത്തഡോക്സ് സഭയുടെ 3 അക്കൗണ്ടുകൾ ബ്ലോക്ക് ചെയ്യപ്പെട്ടു പ്രധാനമന്ത്രിയെ ഉൾപ്പെടെ കണ്ടിട്ടും നടപടിയില്ല

കോട്ടയം: വിദേശ സംഭാവന നിയന്ത്രണ നിയമ (എഫ്സിആർഎ) ഭേദഗതിക്കുള്ള നീക്കം പുനഃപരിശോധിച്ചു സഭകളുടെ ആശങ്ക പരിഹരിക്കണമെന്ന് പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ.

ക്രൈസ്തവ സഭകൾക്കു വിദേശത്തുനിന്നു ലഭിക്കുന്ന സഹായധനം നിയമാനുസൃതമായി വിദ്യാഭ്യാസ, ആരോഗ്യസംരക്ഷണ, സാമൂഹികസേവനം മേഖലകളിൽ വിനിയോഗിക്കുന്നുണ്ടെന്ന് അദ്ദേഹം വ്യക്തമാക്കി. ഭേദഗതി വന്നാൽ വിദേശത്തുള്ള പള്ളികളിൽനിന്നുള്ള നേർച്ചപ്പണം പോലും സ്വീകരിക്കാൻ കഴിയില്ല.

മലങ്കരസഭയുടെ മൂന്ന് എഫ്സി ആർഎ അക്കൗണ്ടുകൾ ബ്ലോക്ക് ചെയ്തിട്ടുണ്ടെന്നും അതിന്റെ കാര ണമെന്തെന്ന കാര്യത്തിൽ വ്യക്തമായ വിശദീകരണം ലഭിച്ചിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു. ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖറിനെ കണ്ടപ്പോൾ ബ്ലോക്ക് ചെയ്ത അക്കൗണ്ടുകളുടെ വിവരങ്ങൾ കൈമാറിയിരുന്നു. മൂന്നു മാസം കഴിഞ്ഞിട്ടും പുരോഗതി ഉണ്ടായിട്ടില്ല. ഡൽഹിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി നടത്തിയ കൂടിക്കാഴ്ചയിലും വിഷയമുയർത്തിയിരുന്നുവെങ്കിലും ഇതുവരെ പരിഹാരം കണ്ടിട്ടില്ലെന്നും കാതോലിക്കാ ബാവാ പറഞ്ഞു.

Published by Dr. Yuhanon Mar Diascoros Metropolitan on behalf of MOSC Media Department

വിശുദ്ധ മൂറോൻ കൂദാശാ: വിവിധ ദൃശ്യങ്ങൾ

കോട്ടയം ദേവലോകം അരമന ചാപ്പലിൽ വിശുദ്ധ മൂറോൻ കൂദാശാ മധ്യേ മദ്ബഹയിൽ പ്രാർഥന നടത്തുന്ന ഓർത്തഡോക്സ് സഭാധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ. ഫാ. ഡോ. തോമസ് വർഗീസ് അമയിൽ, ഡോ. യൂഹാനോൻ മാർ ദിയസ്കോറസ്, യാക്കോബ് റമ്പാൻ, ഫാ. ഗീവർഗീസ് ജോൺസൺ, ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് റീശ് കോറെപ്പിസ്കോപ്പ എന്നിവർ സമീപം.

പ. പാമ്പാടി തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ കൊടിയേറി. പ. പാമ്പാടി തിരുമേനിയുടെ 61-ാം ഓർമ്മപ്പെരുന്നാൾ കൊടിയേറ്റ് ബസേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ നിർവ്വഹിച്ചു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വിശുദ്ധ മൂറോൻ കൂദാശ : മലങ്കരസഭാധ്യക്ഷന് ഓർത്തഡോക്സ് സഭകളുടെ ആദരം

സഭാധ്യക്ഷപദവി ഏറ്റെടുത്ത ശേഷമുള്ള ആദ്യ മൂറോൻ കൂദാശ നിർവഹിച്ച പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായ്ക്ക് ആശംസകൾ നേർന്ന് വിവിധ ഓർത്തഡോക്സ് സഭകൾ. ഓറിയന്റൽ ഓർത്തഡോക്സ് കുടുംബത്തിലെ അംഗങ്ങളായ എത്യോപ്യൻ, എറിത്രിയൻ സഭകളുടെ പ്രതിനിധികൾ ഉപഹാരം സമർപ്പിച്ചു. എത്യോപ്യൻ ഓർത്തഡോക്സ് സഭാതലൻ ആബൂനെ മത്ഥ്യാസ് ഒന്നാമനെ പ്രതിനിധീകരിച്ച് ആർച്ച് ബിഷപ്പ് മൽക്കിസദേക്ക് വി. മൂറോൻ കൂദാശയിൽ സംബന്ധിച്ചു. എറിത്രിയൻ സഭയുടെ ആർച്ച് ബിഷപ്പുമാരായ ലൂക്ക്, മക്കാറിയോസ്, സേവേറിയോസ്, ഫാ.ബർക്കത് കിദാനെ എന്നിവർ ആശംസകൾ നേർന്നു. റഷ്യൻ ഓർത്തഡോക്സ് സഭയുടെ പരിശുദ്ധ കിറിൽ പാത്രിയർക്കീസിന് വേണ്ടി സഭയുടെ എക്യൂമെനിക്കൽ ഡിപ്പാർട്ട്മെന്റ് പ്രതിനിധികൾ ദൈവമാതാവിന്റെ ഐക്കൺ ആലേഖനം ചെയ്ത മാല പരിശുദ്ധ കാതോലിക്കാ ബാവായ്ക്ക് സമ്മാനിച്ചു. റഷ്യൻസഭയുടെ എക്യൂമെനിക്കൽ വിഭാഗം പ്രസിഡന്റ് മെത്രാപ്പോലീത്താ ആന്റണി, സെക്രട്ടറി ഫാ സ്റ്റെഫാൻ എന്നിവരുടെ നേതൃത്വത്തിലുള്ള സംഘമാണ് ദേവലോകത്ത് എത്തിയത്. വിവിധ ഓറിയന്റൽ ഓർത്തഡോക്സ് സഭകളും, റഷ്യൻ ഓർത്തഡോക്സ് സഭയും മലങ്കരസഭയോടും സഭാധ്യക്ഷനോടും കാട്ടിയ പ്രാർത്ഥനാപൂർണമായ സ്നേഹത്തിന് ഏബ്രഹാം മാർ സ്തേഫാനോസ് മെത്രാപ്പോലീത്താ നന്ദി രേഖപ്പെടുത്തി.

പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ വാദെ ദൽമീനോ ശുശ്രൂഷ നടന്നു. പ. ബസേലിയോസ് മാർത്തോമ്മ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ മുഖ്യ കാർമികത്വം വഹിച്ചു.

പ്രാർത്ഥനകളിലൂടെ മാത്രമേ പ്രതിസന്ധികളെ മറികടക്കാനാവൂ: പരിശുദ്ധ കാതോലിക്കാ ബാവാ

പാമ്പാടി: ഇന്നത്തെ ലോകത്തിൽ പ്രാർത്ഥനയിലൂടെ അല്ലാതെ പ്രതിസന്ധികളെ മറികടക്കുന്നത് അസാധ്യ കാര്യമാണ്. പൂർവ്വ പിതാക്കന്മാരുടെ പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും ഫലമാണ് ഇന്നത്തെ തലമുറ അനുഭവിക്കുന്നത്. വരുംതലമുറയ്ക്കും ആ ഫലം അനുഭവിക്കുവാൻ ഇന്ന് നാം പ്രാർത്ഥിക്കേണ്ടത് അനിവാര്യമാണെന്ന് കേരള കൗൺസിൽ ഓഫ് ചർച്ചസ് യൂത്ത് കമ്മീഷൻ പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ സംഘടിപ്പിച്ച ഗുരുവന്ദനത്തിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ പറഞ്ഞു.

യൂത്ത് കമ്മീഷൻ സംസ്ഥാന ചെയർമാൻ അഡ്വ. പ്രസിൻ ജോർജ്, കൺവീനർ അലക്സ് പീറ്റർ, വൈസ് ചെയർമാൻ ബെൻ ജോസഫ്, ജിബിൻ ജേക്കബ് അലക്സ്, ജോയിൻ കൺവീനർ അഡ്വ. സ്നേഹ സാറ സജി, ട്രഷറർ മറിയം കെ സാബു, സംസ്ഥാന കമ്മിറ്റി അംഗം ദിവ്യ എം ജോസ്, സെൻട്രൽ റീജിയണൽ കൺവീനർ ജോബൽ ജോ പോൾ എന്നിവർ പങ്കെടുത്തു.

പത്തനംതിട്ട ബേസിൽ ദയറായിൽ നടന്ന ഊശാന പെരുന്നാൾ ശുശ്രൂഷകൾക്ക് കുറിയാക്കോസ് മാർ ക്ലിമ്മീസ് വലിയ മെത്രാപ്പോലീത്താ മുഖ്യ കാർമികത്വം വഹിച്ചു.

തുമ്പമൺ സെന്റ് മേരീസ് ഓർത്തഡോക്സ് ഭദ്രാസന ദേവാലയത്തിൽ ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്തായുടെ മുഖ്യ കാർമ്മികത്വത്തിൽ ഊശാന പെരുന്നാൾ ശുശ്രൂഷ നടന്നു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വായനക്കാർക്ക് ഉത്ഥാന പെരുന്നാളിന്റെ ആശംസകൾ നേരുന്നു

പ്രതിസന്ധികളിൽനിന്ന് പ്രത്യാശയിലേക്ക്

ഡോ. മാത്യൂസ് മാർ തിമോത്തിയോസ്
(ഓർത്തഡോക്സ് സഭചെങ്ങന്നൂർ ഭദ്രാസനാധിപൻ)

മഹത്തായ ഉയിർപ്പിന്റെ പെരുന്നാൾ നമ്മെ വീണ്ടും യേശുക്രിസ്തുവിന്റെ പ്രത്യാശയുടെയും പുതുജീവിതത്തിന്റെ യും വഴിയിലേക്കു വിളിച്ചുയർത്തുന്നു. ഉയിർപ്പ് എന്നത് ചരിത്രസംഭവമെന്നതിലുപരി, മനുഷ്യന്റെ ദൈവീകരണത്തിന്റെ തുടക്കമാണ്.

ഇന്നത്തെ ലോകസാഹചര്യത്തിൽ സംഘർഷങ്ങളും അനിശ്ചിതത്വങ്ങളും സാമ്പത്തിക ബുദ്ധിമുട്ടുകളും കുടുംബബന്ധങ്ങളിലെ പിരിമുറുക്കങ്ങളും തുടങ്ങി നമ്മുടെ ഹൃദയങ്ങളിൽ ഭയം വിതയ്ക്കുന്ന ഒട്ടേറെ സാഹചര്യങ്ങൾ കാണുന്നു. എന്നാൽ ഈ ഇരുളിനിടയിൽ, ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ വെളിച്ചം നമുക്ക് ഉറപ്പു നൽകുന്നു. മരണത്തെ ജയിച്ചവൻ ജീവിക്കുന്നു; അതു കൊണ്ട് പ്രത്യാശ നശിക്കുകയില്ല.

ഈസ്റ്റർ നമ്മെ വെറും ഒരു ആഘോഷത്തിലേക്കു മാത്രമല്ല, മറിച്ച് ആത്മ പരിശോധനയിലേക്കും വിളിക്കുന്നു. നാം സ്നേഹത്തിലും ക്ഷമയിലും സമാധാ നത്തിലും വളരുന്നുണ്ടോ? നമ്മുടെ സമൂഹത്തിൽ ദുർബലരെ കരുതാൻ നാം മുന്നോട്ട് വരുന്നുണ്ടോ?

ഉയിർപ്പിന്റെ സാക്ഷികളായി നാം ജീവിക്കുമ്പോൾ, ഓരോ നല്ല പ്രവൃത്തി യും ക്രിസ്തുവിന്റെ സ്നേഹം ലോക ത്തിലേക്ക് എത്തിക്കുന്ന ദീപമായി മാ റുന്നു. സ്നേഹവും സേവനവും വഴി മാത്രമേ നാം ഉയിർപ്പിന്റെ സാക്ഷിക ളാകൂ. ഗൾഫ് രാജ്യങ്ങളിലുള്ള നമ്മുടെ സഹോദരങ്ങൾ ഏറെ ഭീതിയോ ടെയും അരക്ഷിതമായും കഴിയുന്ന സാഹചര്യത്തിൽ ഏറ്റവും ആവശ്യം സമാധാനവും ഐക്യവുമാണ്. ഭിന്നതകളെ മറികടന്ന് പരസ്പരം സ്നേഹിക്കാൻ നമുക്ക് കഴിയുമ്പോൾ, യഥാർഥ ഈസ്റ്റർ അനുഭവം നമ്മുടെ ജീവിതത്തിൽ സാക്ഷാ ത്കരിക്കും. ദുഃഖിതർക്കും പ്രത്യാശയറ്റവർക്കും ആശ്വാസം നൽകാൻ നമുക്ക് കൈകോർക്കാം. ഈ ഈസ്റ്റർ ഹൃദയങ്ങളിൽ പുതുജീവനും നിത്യപ്രത്യാശയും നിറയ്ക്കട്ടെ.

പള്ളികളിലെ സമാധാന അന്തരീക്ഷം തകർക്കാൻ ബോധപൂർവ്വമായ ശ്രമം: അഡ്വ. ബിജു ഉമ്മൻ മലങ്കരസഭ ഡി.ജി.പി. ക്ക് പരാതി നൽകി

തിരുവനന്തപുരം: ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ വിധിയെ തെറ്റായി വ്യാഖ്യാനിച്ച് മലങ്കരസഭയുടെ പള്ളികളിൽ സംഘർഷം സൃഷ്ടിക്കാൻ ശ്രമം നടക്കുന്ന പശ്ചാത്തലത്തിൽ സംസ്ഥാന പോലീസ് മേധാവിക്ക് നേരിട്ട് പരാതി നൽകിയതായി അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ അറിയിച്ചു. പീഢാനുഭവവാരത്തിൽ പ്രശ്നബാധിത മേഖലകളിലെ പള്ളികൾക്ക് സുരക്ഷ ഉറപ്പുവരുത്തണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. മലങ്കരസഭയുടെ പിറവം പള്ളി യിലുൾപ്പെടെ നിയമവിരുദ്ധമായി സംഘടിച്ചെത്തി സ്ഫോടകവസ്തുക്കൾ ഉപ യോഗിച്ച് ഭീകരാന്തരീക്ഷം സൃഷ്ടിച്ചതടക്കമുള്ള കാര്യങ്ങൾ ഡി.ജി.പിയുടെ ശ്രദ്ധയിൽപ്പെടുത്തി. ക്രൈസ്തവസമൂഹം പ്രാർത്ഥനയോടെ കഴിയുന്ന നോമ്പുകാലത്ത് പാത്രിയർക്കീസ് പക്ഷം ആസൂത്രിതമായി ക്രമസമാധാന പ്രശ്നമുണ്ടാക്കുകയാണെന്ന് പരാതിയിൽ ചൂണ്ടിക്കാട്ടിന്നു. സഭാധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായുടെ നിർദേശപ്രകാരമാണ് അസോസിയേഷൻ സെക്രട്ടറി സംസ്ഥാന പോലീസ് മേധാവിയെ നേരിൽ കണ്ട് പരാതി നൽകിയത്. തിരുവനന്തപുരം ഭദ്രാസന സെക്രട്ടറി ഫാ. ഡോ. ഗീവർഗീസ് കണിയാന്ത്രയും ഒപ്പമുണ്ടായിരുന്നു.

കോട്ടയം പഴയസെമിനാരിയിൽ നടന്ന ഓശാന പെരുന്നാൾ ശുശ്രൂഷക ൾക്ക് തോമസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ മുഖ്യ കാർമ്മി കത്വം വഹിച്ചു. എറിത്രിയൻ ഓർത്തഡോക്സ് പ്രതിനിധി സംഘം ശുശ്രൂ ഷകളിൽ പങ്കെടുത്തു.

പഴഞ്ഞി സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ പീഡാ നുഭവ വാരാചരണത്തിന് തുടക്കം കുറിച്ച് ഡോ. ഗീവർഗീസ് മാർ യൂലിയോസിന്റെ കാർമികത്വത്തിൽ നടന്ന വാദേ ദൽമീനോ ശുശ്രൂഷ.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ചരിത്രരേഖകൾ

പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ ഡയറിക്കുറിപ്പുകൾ (1950)

സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്

1-11-1950. പരുമല. ഇന്നു രാവിലെ മൂന്നിന്മേൽ കുർബ്ബാന ഉണ്ടായിരുന്നു. പ്രധാന ത്രോണോസിൽ നാം കുർബ്ബാന അണച്ചു. പെരുന്നാൾ പ്രമാണിച്ചുള്ള സജ്ജീകരണങ്ങൾ ഊർജ്ജിതമായി നടക്കുന്നു. (തോമ്മാ) മാർ ദീവന്നാസ്യോസ് മെത്രാച്ചനും തേവോദോസ്യോസ് മെത്രാച്ചനും വന്നുചേർന്നു. മറ്റുള്ള മെത്രാച്ചന്മാർക്കു സുഖമില്ലാത്തതിനാൽ വരുകയില്ലെന്നും അറിയുന്നു.

മുൻകൊല്ലങ്ങളെ അപേക്ഷിച്ച് ആളുകൾ വളരെ കൂടുതലായി വന്നു കൊണ്ടേ ഇരിക്കുന്നു. പെരുനാളിനോടനുബന്ധിച്ച് നടത്തപ്പെടുന്ന കൺവൻഷൻ ഏറ്റവും ഭക്തിസംവർദ്ധകവും പ്രയോജനകരവും ആണ്. വയലത്തല ഗബ്രിയേൽ കത്തനാർ, ഓതറ മാത്യൂസ് കത്തനാർ ഇവരായിരുന്നു പ്രധാന പ്രാസംഗികന്മാർ.

2-11-1950. ഇന്ന് പരുമല പെരുന്നാൾ ദിവസം നാമും മാർ തേവോദോസിയോസ് മെത്രാച്ചനും മാരേട്ടെ റമ്പാച്ചനും കൂടി മൂന്നിന്മേൽ കുർബ്ബാന അർപ്പിച്ചു. കുർബ്ബാനയ്ക്കു ശേഷം പരിശുദ്ധനായ മാർ ഗ്രീഗോറിയോസിന്റെ ജീവിത വിശുദ്ധിയെ പരാമർശിച്ച് നാം പ്രസംഗിച്ചു. രാജ്യത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും വമ്പിച്ച തീർത്ഥാടക സംഘങ്ങൾ എത്തിയിരുന്നു.

കുർബ്ബാനയ്ക്കു ശേഷം കൃത്യം 11 മണിക്ക് പള്ളി അങ്കണത്തിൽ വച്ചു സിറിയൻ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ പി. ഐ. സൈമണിന്റെ അദ്ധ്യക്ഷതയിൽ ഒരു വമ്പിച്ച യോഗം കൂടി. സിറിയൻ കോൺഗ്രസ് പരിപുഷ്ടമാക്കേണ്ടതിന്റെ ആവശ്യകത രാഷ്ട്രീയമായും സാമുദായികമായും വിദ്യാഭ്യാസപരമായും സുറിയാനിക്കാർക്കുള്ള അവശതകളെ പരിഹരിക്കുന്നതിന് സംഘടിതശ്രമം നടത്തണമെന്നും, ഗവൺമെന്റ് വിദ്യാഭ്യാസ നയത്തിൽ പ്രതിഷേധം പ്രകടിപ്പിച്ചും നിശ്ചയങ്ങൾ ചെയ്തു. സി. ഐ. നൈനാൻ, മാത്യു ചേപ്പാട്, സി. റ്റി. ഈപ്പൻ മുതൽപേരുടെ പ്രസംഗങ്ങൾ ഉണ്ടായിരുന്നു.

യോഗം അവസാനിക്കാറായപ്പോഴേക്കും നാം മാർ ദീവന്നാസ്യോസ് മെത്രാച്ചനുമൊന്നിച്ചു യോഗം സന്ദർശിക്കുകയും കോൺഗ്രസിന് സർവ്വ ഭാവുകങ്ങളും ആശംസിക്കുകയും സഭയുടെ മക്കളായി ജനങ്ങൾ ആയിത്തീരുന്നതിനും ക്രിസ്തീയമായ നിലയിൽ കൂടി മാത്രം പ്രവർത്തിക്കുന്നതിനും ആത്മീയത്തിലും വിശ്വാസ സ്ഥിരതയിലും വളരുന്നതിനും സഭയുടെ കല്പനകളെ അനുസരിക്കുന്നവരായി തീരുന്നതിനും നാം അവരെ ഉദ്ബോധിപ്പിക്കുകയുണ്ടായി.

യോഗത്തിനുശേഷം റാസയും വൈദികയോഗവും ഉണ്ടായിരുന്നു. അഞ്ചു മണിയോടു കൂടെ പെരുന്നാൾ ചടങ്ങുകൾ മംഗളമായി പര്യവസാനിച്ചു. ആൾക്കൂട്ടം പൊതുവെ വളരെ കൂടുതലായിരുന്നു. വൈദ്യുത ദീപങ്ങളാൽ പള്ളിയും പരിസരങ്ങളും പരിശോഭിച്ചു. പാവപ്പെട്ട നമ്മുടെ ആളുകളുടെ സഭാസ്നേഹവും ഭക്തിയും നമ്മെ അത്യധികം സന്തോഷിപ്പിച്ചു.

3-11-1950. പരുമല. രാവിലെ നാമും തേവോദോസ്യോസ് മെത്രാച്ചനും റമ്പാച്ചനും കൂടെ വി. കുർബ്ബാന അണച്ചു. കുർബ്ബാനമദ്ധ്യേ നെല്ലിമൂട്ടിൽ ഗീവറുഗീസിന്റെ മകന് യൗപ്പതിയക്നോ സ്ഥാനം നൽകി.

4-11-1950. പരുമല. രാവിലെ ഫാദർ ജാക്സന്റെ കുർബ്ബാനയിൽ നാം സംബന്ധിച്ചു. ഇംഗ്ലീഷുകാരനെങ്കിലും നമ്മുടെ രീതിയിൽ ക്രിയകളെല്ലാം നിർവ്വഹിക്കുന്നത് നമ്മെ വളരെ സന്തോഷിപ്പിച്ചു. ഉച്ചയ്ക്കുശേഷം ഫാ. ജാക്സൻ പത്തനാപുരത്തിനു പോയി. മെത്രാച്ചനുമൊന്നിച്ച് നാം മങ്കോട്ടയിൽ ജോൺ വക്കീലിന്റെ ഭാര്യയെ സന്ദർശിച്ചു പ്രാർത്ഥിച്ചു. മെത്രാച്ചൻ മേല്പാടത്തു പള്ളിയിൽ ഇറങ്ങി.



5-11-1950. പരുമല. ഇന്നേദിവസം നാം വി. കുർബ്ബാന അണച്ചു. കുർബ്ബാന മദ്ധ്യേ ഗവണ്മെന്റിന്റെ വിദ്യാഭ്യാസ നയത്തെ സംബന്ധിച്ചും സമുദായത്തിന്റെ പൊതുതാല്പര്യങ്ങളെ മറന്നു പണത്തിനു വേണ്ടി നിലകൊള്ളുന്ന നമ്മുടെ നന്ദികെട്ട അദ്ധ്യാപകന്മാരെ സംബന്ധിച്ചും പ്രസംഗമദ്ധ്യേ പ്രസ്താവിച്ചു.

6-11-1950. പരുമല. നിരണം സ്കൂളിലെ അദ്ധ്യാപക കുഴപ്പങ്ങളെ സംബന്ധിച്ച് വികാരി നമ്മുടെ മുമ്പാകെ റിപ്പോർട്ടു ചെയ്തു. സ്ഥിതിഗതികൾ അന്വേഷിച്ചു വേണ്ടതു പ്രവർത്തിക്കുന്നതിന് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ നാം നിയമിച്ചു.

7-11-1950. രാവിലെ കാപ്പിമേശയ്ക്കു ശേഷം ചെങ്ങന്നൂർക്കു പുറപ്പെട്ടു. ബത്ഥേലിൽ കയറി കൊച്ചുമെത്രാച്ചനെ സന്ദർശിച്ചു. കൊച്ചുമെത്രാച്ചന് നല്ല സുഖമില്ലെന്നും വിശ്രമാർത്ഥം അവധി അനുവദിക്കണമെന്നും ആവശ്യപ്പെട്ടു. മെത്രാച്ചന്റെ ചികിത്സയ്ക്കു 100 രൂപ കൊടുത്തു. ഉച്ചയോടു കൂടെ തിരുവല്ലയിൽ എത്തി. എം.ജി.എം. ലെ സ്ഥിതിഗതികൾ അന്വേഷിച്ചതിൽ നമ്മുടെ അച്ചന്മാരുൾപ്പെടെ സകലരും സ്ട്രൈക്ക് ചെയ്തു എന്നറിഞ്ഞു.

8-11-1950. കോട്ടയം. ഇന്നലെ വൈകിട്ട് നാം ഇവിടെയെത്തി. രാവിലെ കാപ്പിമേശയ്ക്കു ശേഷം മാങ്ങാനത്തും മടങ്ങുന്ന വഴി മനോരമ സ്കൂളും സെമിനാരിയും സന്ദർശിച്ചു. എം.ഡി. യിൽ ഹെഡ്മാസ്റ്ററുടെ ഉത്സാഹത്തിൽ സ്കൂൾ നടത്തിവരുന്നതിൽ സന്തോഷം പ്രകടിപ്പിച്ചു.

9-11-1950. കോട്ടയം. വിദ്യാഭ്യാസ പ്രശ്നം സംബന്ധിച്ച് ഗവണ്മെന്റിന്റെ നിലയെ സുധീരം എതിർക്കുന്നതിനു വേണ്ട പരിപാടികൾ ആരാഞ്ഞുകൊണ്ടിരിക്കുന്നു. മാനേജരന്മാരുടെ സ്വാതന്ത്ര്യത്തെ ചോദ്യം ചെയ്യുന്ന യാതൊരു വ്യവസ്ഥയും കൈകൊള്ളരുതെന്നാണ് പൊതുവെയുള്ള അഭിപ്രായം.

കത്തോലിക്കാ സഭക്കാർ എന്തു വന്നാലും പിന്മാറുകയില്ലെന്നു കേൾക്കു

ന്നു. മാർത്തോമ്മാ സഭയും സി.എസ്.ഐ. ക്കാരും ഒരു തീരുമാനത്തിലും എത്തിച്ചേർന്നിട്ടില്ല.

10-11-1950. കോട്ടയം. രാവിലെ നാം വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാന മദ്ധ്യേ പഴയസെമിനാരിയിൽ ഉണ്ടാക്കി വച്ചിരുന്ന തബിലൈത്താ പലകകൾ കൂദാശ ചെയ്തു. മാർ തേവോദോസ്യോസ് മെത്രാച്ചനും ഉണ്ടായിരുന്നു.

11-11-1950. കോട്ടയം. പള്ളിക്കൂട കാര്യം സംബന്ധിച്ചു ആലോചിക്കുന്നതിനു അദ്ധ്യാപക പണിമുടക്കിൽ നിന്നും അദ്ധ്യാപകരെ പിൻതിരിപ്പിക്കുന്നതിനും മറ്റുമായി നമ്മുടെ കുണ്ടറ ഹെഡ്മാസ്റ്റർ നൈനാനും കോശി കത്തനാരും കൂടെ വന്നിരുന്നു.

ഉച്ചയ്ക്കുശേഷം സെന്റ് ആൻസിൽ വച്ചു നടന്ന ക്രിസ്തീയ മാനേജരന്മാരുടെ മീറ്റിംഗിൽ മി. പി. എൻ. നൈനാനെ നാം അയച്ചു. അവിടെ മാനേജരന്മാരുടെ ഒരു അസോസ്യേഷൻ ഉണ്ടാക്കുകയും ഒരു പ്രതിനിധി സംഘം മന്ത്രിമാരെ നേരിട്ടു കണ്ട് മാനേജരന്മാരുടെ അവകാശങ്ങളെ പരിരക്ഷിക്കുന്നതിലേക്കു നിവേദനം നടത്തണമെന്നു തീരുമാനിക്കുകയും ചെയ്തു.

12-11-1950. കോട്ടയം. രാവിലെ നാം വി. കുർബ്ബാന അർപ്പിച്ചു. അഖിലലോക സഭാകൗൺസിൽ സെക്രട്ടറി കുർബ്ബാനയിൽ സംബന്ധിച്ചു. കുർബ്ബാനയ്ക്കുശേഷം അദ്ദേഹം പ്രസംഗിച്ചു. ഉച്ചയ്ക്കുശേഷം നാലു മണിയോടു കൂടെ സഭയിലെ പ്രധാനികളെ ക്ഷണിച്ച് അയാളുടെ ബഹുമാനാർത്ഥം വൈദിക സെമിനാരിയിൽ വച്ചു ഒരു ചായസൽക്കാരം നടത്തുകയുണ്ടായി.

വൈകിട്ട് പഴയസെമിനാരിയിൽ വച്ചു ഒരു ഡിന്നർ പാർട്ടിയും നൽകുകയുണ്ടായി. അദ്ദേഹം നമ്മുടെ ആരാധനകളിൽ അമിത ഭക്തിയും തൃപ്തിയും പ്രദർശിപ്പിക്കുകയുണ്ടായി. സഭാസമാധാന ശ്രമങ്ങളെ സംബന്ധിച്ച് അയാളുമായി സംസാരിക്കുകയുണ്ടായി. അബ്ദുള്ളാ പാത്രിയർക്കീസ് ശീശ്മക്കാരനാണെന്നും നമുക്കല്ല അവർക്കാണ് വാസ്തവത്തിൽ കുറവുള്ളതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

13-11-1950. പരുമല. രാവിലെ നാം മാന്നാർ മർത്തമറിയം പള്ളിയിലേക്കു പോയി. പള്ളി പഴയ സ്ഥാനത്തു നിന്നും പൊളിച്ചു ആറ്റരികിലേക്കു മാറ്റിയിരുന്നു. ചെറുതെങ്കിലും പള്ളിക്കെട്ടിടം ഭംഗിയായിട്ടാണ് അവർ പണിതിരിക്കുന്നത്. വികാരി അബ്രഹാം കത്തനാരുടെ പ്രത്യേക ഉത്സാഹത്തിലാണ് ഇത് നടന്നത്. കരുവേലി ചെറിയാച്ചന്റെ മകന്റെ കല്യാണം പ്രമാണിച്ചാണ് നാം ഇന്നവിടെ പോയത്. കല്യാണം മംഗളമായി നടന്നു. സന്ധ്യയോടു കൂടെ നാം ഇവിടെ എത്തി. പള്ളികാര്യങ്ങളിൽ ഇടവകക്കാർ കാണിക്കുന്ന താല്പര്യവും തീക്ഷ്ണതയും നമ്മെ അത്യധികം സന്തോഷിപ്പിച്ചു.

14-11-1950. പരുമല. ജലദോഷം അല്പം ശക്തിയായി നമ്മെ ബാധിച്ചിരിക്കുന്നു. ഏതായാലും നാം ഇന്ന് തേച്ചുകുളി നടത്തി. നിരണത്തെ അച്ചന്മാർ അദ്ധ്യാപക പണിമുടക്കിൽ നിന്നും പിന്മാറി സ്കൂളിൽ ഹാജരായെങ്കിലും ക്ലാസുകൾ നടന്നില്ല. സ്കൂൾ അടച്ചിരിക്കുകയാണ്.

15-11-1950. പരുമല. കുണ്ടറ സ്കൂൾ സംബന്ധിച്ച കാര്യങ്ങൾ അറിയിക്കുന്നതിലേക്കായി കറസ്പോണ്ടന്റ് കുറിയാക്കോസ് റമ്പാച്ചൻ ഇവിടെ എത്തി. സ്ഥിതിഗതികൾ ശാന്തമെന്നും ഗവണ്മെന്റുമായി ഒരൊത്തുതീർപ്പിൽ എത്തുന്നതു വരെ പണിമുടക്കണമെന്നില്ലെന്നും അദ്ധ്യാപകർ പഠിപ്പു തുടർന്നു നടത്തുമെന്നു സമ്മതിച്ചതായി നമ്മെ അറിയിച്ചു.

13-11-1950. പരുമല. തൃശ്ശിനാപള്ളി സ്കൂൾ സംബന്ധിച്ച കാര്യങ്ങൾക്കായി പോകുന്ന വഴി മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ഇവിടെ എത്തി. സ്കൂൾ കാര്യങ്ങൾ സംബന്ധിച്ചു നമ്മുടെ ഉറച്ചനില തികച്ചും ശ്ലാഘനീയമാണെന്നും ഈ പരിതസ്ഥിതിയിൽ പിന്മാറേണ്ട അത്യാവശ്യം ഇല്ലെന്നും നമ്മെ അറിയിച്ചു.

14-11-1950. പരുമല. പുതുശ്ശേരി സ്കൂൾ സ്ട്രൈക്കു സംബന്ധിച്ച് അന്വേഷിക്കുന്നതിലേക്കു ശെമ്മാശൻ പോയി മടങ്ങി എത്തി. ഇന്നു മുതൽ അദ്ധ്യയനം നടക്കുമെന്നും തുടർന്ന് ക്ലാസ്സുകൾ നടത്തിക്കൊള്ളാമെന്നും വിവരം തിരുമനസ്സറിയിക്കണമെന്നും വരമ്പത്തു വറുഗീസ് കത്തനാർ ശെമ്മാശനോടു പറഞ്ഞു. ഉച്ചയ്ക്കുശേഷം നാം കുണ്ടറയ്ക്കു പോയി.

18-11-1950. കുണ്ടറ. കുണ്ടറ സെമിനാരിയിലെ അഞ്ച് അദ്ധ്യാപകർ ഒഴികെ ബാക്കി എല്ലാവരും സ്കൂളിൽ ഹാജരായി. ക്ലാസു തുടങ്ങി. എന്നാൽ വിദ്യാർത്ഥി കോൺഗ്രസിന്റെ നിശ്ചയപ്രകാരം ജെ. തോമസ് എന്ന അദ്ധ്യാപകന്റെ നേതൃത്വത്തിൽ കുറേപ്പേർ സ്കൂളിൽ കയറി വിദ്യാർത്ഥികളെ പണിമുടക്കിനു പ്രേരിപ്പിച്ചു ബഹളം ഉണ്ടാക്കി. വിദ്യാർത്ഥികൾ സ്കൂളിൽ നിന്നിറങ്ങി. തുടർന്ന് ട്രഷറിയിൽ പണം അടയ്ക്കുന്നതുവരെ ക്ലാസിൽ കയറുകയില്ലെന്നു തീരുമാനം ചെയ്തു. സ്കൂൾ നടത്താൻ സാധിക്കുമെങ്കിൽ നടത്തണമെന്നും നിവൃത്തിയില്ലെങ്കിൽ അടക്കണമെന്നും നാം ഹെഡ്മാസ്റ്റർക്കു നിർദ്ദേശം കൊടുത്തു.

ഉച്ചയ്ക്കുശേഷം നാം തിരുവനന്തപുരത്തിനു പുറപ്പെട്ടു. യാത്രാമദ്ധ്യേ ചാത്തന്നൂർ മുതലാളിയെ സന്ദർശിച്ചു.

19-11-1950. തിരുവനന്തപുരം. തിരുവനന്തപുരം പള്ളിയുടെ കനകജൂബിലി മഹാമഹം പ്രമാണിച്ച് ഇവിടെ എത്തി അവരെ ആശീർവദിക്കണമെന്നുള്ള ഇടവകക്കാരുടെ അത്യഗാധമായ താല്പര്യവും അപേക്ഷയും പരിഗണിച്ചാണ് നാം ഇവിടെ എത്തിയത്. ഇടവകയുടെ അഭിവൃദ്ധിയും ജനങ്ങളുടെ ഭക്തിപ്രകടനങ്ങളും നമ്മെ അതീവ സന്തുഷ്ടനാക്കി.

നാമും മാർ തേവോദോസ്യോസ് മെത്രാപ്പോലീത്തായും, ഗീവറുഗീസ് റമ്പാച്ചനും കൂടെ വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാനമദ്ധ്യേ നാം പ്രസംഗിച്ചു.

ഉച്ചയ്ക്കുശേഷം നാലു മണിക്കു പള്ളി അങ്കണത്തിൽ കൂടിയ വമ്പിച്ച പൊതുയോഗത്തിൽ നാം ആദ്ധ്യക്ഷം വഹിച്ചു. മന്ത്രി ജോൺ ഫീലിപ്പോസും തേവോദോസ്യോസ് മെത്രാച്ചനും മാമ്മൻ മാപ്പിളയും പ്രസംഗിച്ചു. ചടങ്ങുകൾ എല്ലാം വളരെ മംഗളമായിരുന്നു.

20-11-1950. തിരുവനന്തപുരം. വിദ്യാഭ്യാസ പ്രശ്നം സംബന്ധിച്ച് നമ്മുടെ നില മനസ്സിലാക്കുന്നതിന് വിദ്യാഭ്യാസ മന്ത്രി പനമ്പള്ളിയുടെ നിയോഗാനുസരണം മന്ത്രി ജോൺ ഫീലിപ്പോസ് നമ്മെ സന്ദർശിച്ചു സുദീർഘം സംസാരിച്ചു. നിയമന സ്വാതന്ത്ര്യം എങ്കിലും കിട്ടേണ്ടതാണെന്നും കൂടുതൽ വിട്ടുവീഴ്ചയ്ക്കു തൽക്കാലം നാം തയ്യാറില്ലെന്നും പറയുകയുണ്ടായി. തദവസരത്തിൽ നിയമ വിദഗ്ദ്ധൻ ഇ. ജെ. ഫീലിപ്പോസും, ഡെപ്യൂട്ടി സെക്രട്ടറി നൈനാനും ഉണ്ടായിരുന്നു.

ഉച്ചയ്ക്കുശേഷം നാം കുണ്ടറയ്ക്കു പുറപ്പെട്ടു.

21-11-1950. കൊട്ടാരക്കര. കുണ്ടറ സ്കൂൾ കാര്യത്തിൽ പുറത്തു നിന്നു തൊഴിലാളികളെ കമ്മ്യൂണിസ്റ്റുകാരും, മാർത്തോമ്മാക്കാരും മറ്റും ഇടപെട്ട് സ്കൂൾ നടത്തിപ്പു വിഷമകരമാക്കുമാറ് ബഹളം കൂട്ടുന്നതായി അറിഞ്ഞു. ഈ പരിതസ്ഥിതിയിൽ സ്കൂൾ അടയ്ക്കുന്നതാണ് നന്നെന്നും, പഠിപ്പിക്കാൻ സന്നദ്ധരാണെന്ന് അദ്ധ്യാപകരും പഠിക്കാൻ സന്നദ്ധരെന്ന് വിദ്യാർത്ഥികളും പറയുന്നതുവരെ സ്ഥിതിഗതികൾ മാറി നിന്നു മനസ്സിലാക്കിക്കൊള്ളാൻ നിർദ്ദേശം കൊടുത്തതിന്റെ ശേഷം നാം കൊട്ടാരക്കര കോട്ടപ്പുറം സെമിനാരിയിലേക്കു പോയി. രാവിലെ അവിടെ എത്തി.

കൊല്ലം ഭദ്രാസനത്തിന്റെ വൈദികയോഗം ഇന്നിവിടെ കൂടി. വൈദികരെ ഒന്നിച്ചു കാണുന്നതിലുള്ള നമ്മുടെ സന്തോഷം അമിതമായിരുന്നു. സഭയുടെ മക്കളായി അവർ വളരുന്നതിനു സഭയ്ക്കുവേണ്ടി ത്യാഗം സഹിക്കുന്നവരും, സേവനം ചെയ്യുന്നവരും അവർ ആയിരിക്കേണ്ടതിന്റെ ആവശ്യകത നാം അവരോടു പറഞ്ഞു. വിശ്വാസം ഇല്ലാതെ വരാതെ സഭ നിലനിർത്തേണ്ടതിന്റെ ചുമതലക്കാരായ പട്ടക്കാർ ഉത്തരോത്തരം അഭിവൃദ്ധിപ്പെടട്ടെ എന്നു നാം ആശംസിച്ചു. യോഗത്തിനു ശേഷം അഞ്ചു മണിയോടു കൂടി നാം അവിടെ നിന്നും കോട്ടയത്തിനു പുറപ്പെട്ടു.

അദ്ധ്യാപക പണിമുടക്കിൽ ഉൾപ്പെട്ടു നിന്നു പ്രവർത്തിച്ചു വന്ന പത്തിച്ചിറ അലക്സാണ്ടർ കത്തനാർ ആ സംരംഭങ്ങളിൽ നിന്നും പിന്മാറിയതായും, തിങ്കളാഴ്ച മുതൽ പഠിപ്പിച്ചുകൊള്ളാമെന്നും നമുക്കുറപ്പു തന്നു.

22-11-1950. കോട്ടയം. സെമിനാരി സ്ഥാപകന്റെ പെരുന്നാൾ പ്രമാണിച്ചുള്ള കൊടിയേറ്റം ഇന്നു നിർവ്വഹിച്ചു. തിരുവാങ്കോട്ടു ഗീവറുഗീസ് റമ്പാൻ ഇവിടെ എത്തി.

23-11-1950. കോട്ടയം. നമ്മുടെ ഇഷ്ടത്തിനും അഭിപ്രായത്തിനും വിരോധമായി അദ്ധ്യാപക പണിമുടക്കിനു നേതൃത്വം കൊടുത്ത് സമുദായ സ്ഥാപനങ്ങൾ നശിപ്പിക്കാൻ മുൻകൈയെടുത്തു പ്രവർത്തിച്ചു വന്ന ചന്ദനപ്പള്ളിൽ മാവേലിൽ കെ. ദാവീദ് കത്തനാർ നമ്മുടെ മുമ്പാകെ ഹാജരായി ക്ഷമാപണം

ചെയ്തു. അയാളുടെ നടപടിയെ സംബന്ധിച്ച് അയാൾക്ക് യഥാർത്ഥ പശ്ചാത്താപം ഉണ്ട് എങ്കിൽ നന്നായിരുന്നു.

25-11-1950. കോട്ടയം. സെമിനാരി സ്ഥാപകന്റെ ഓർമ്മദിവസം ആയിരുന്നു. നാം വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാനമദ്ധ്യേ നാം പ്രസംഗിച്ചു. കുർബ്ബാനാനന്തരം ഉച്ചകഴിഞ്ഞ് മൂന്നു മണിക്കു "കാതോലിക്കേറ്റ് സേവകസംഘം" എന്ന നാമത്തിൽ സഭയിലെ യുവജനങ്ങളെ സംഘടിപ്പിച്ച് പ്രവർത്തിക്കുന്നതിലേക്കു പല സ്ഥലത്തു നിന്നും വന്നുകൂടിയ യുവജനപ്രതിനിധികൾ കൂടി യോഗം ചേർന്നു. ആ യോഗത്തിൽ നാം ആദ്ധ്യക്ഷം വഹിച്ചു.

ഈ സംഘടനയെ നാം അംഗീകരിച്ച് ആശീർവദിക്കണമെന്നും വേണ്ട നിയമാവലി ഉണ്ടാക്കണമെന്നും ഭാരവാഹികളെ നിയമിക്കണമെന്നും നമ്മോട് അവർ അഭ്യർത്ഥിച്ചു. യുവജനങ്ങളുടെ പ്രതീക്ഷയ്ക്കനുസരിച്ച് സംഘടന പുഷ്ടിപ്പെട്ടു പ്രവർത്തിച്ചു കാണ്മാൻ നാം ആഗ്രഹിക്കുന്നു.

26-11-1950. കോട്ടയം. സ്കറിയായോടുള്ള അറിയിപ്പിന്റെ ഞായറാഴ്ച. ഇന്നേ ദിവസം നാം വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാനയ്ക്കു ശേഷം എം.ജി.എം. ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ഇവിടെ എത്തി. അദ്ധ്യാപകസമരം മൂലം അദ്ധ്യയനം നടക്കുന്നില്ലെന്നും നാം അവിടെ എത്തിയാൽ സംഗതികൾ അവസാനിക്കുമെന്നും പറഞ്ഞു. നമ്മെ നിർബ്ബന്ധിക്കയാൽ നാം അദ്ധ്യാപകരെ കാണുന്നതിനായി തിരുവല്ലയ്ക്കു പോകാമെന്നു സമ്മതിച്ചു.

27-11-1950. കോട്ടയം. രാവിലെ എം.ജി.എം. സ്കൂൾ സംബന്ധിച്ച കാര്യങ്ങൾക്കു തിരുവല്ലായ്ക്കു പോയി. തിരുവല്ല ബഥനി അരമനയിൽ മാർ തേവോദോസ്യോസ് മെത്രാച്ചൻ ഉണ്ടായിരുന്നു. അദ്ധ്യാപകരെ വരുത്തി നാം അവരെ ഗുണദോഷിച്ചു. അദ്ധ്യയനം മുടക്കി വിദ്യാർത്ഥികളെയും സ്ഥാപനത്തെയും അപകടത്തിലാക്കരുതെന്ന് നാം അവരെ ഉദ്ബോധിപ്പിക്കുക ഉണ്ടായി. ഉച്ചയോടു കൂടെ നാം മടങ്ങിയെത്തി.

ഉച്ചയ്ക്കുശേഷം അമയന്നൂർ എന്ന സ്ഥലത്തു പുതുതായി അനുവദിച്ച പള്ളി സന്ദർശിച്ചു. വടക്കൻമണ്ണൂർ ഇടവകയിൽ കൂടി നടക്കുന്നതിൽ ഈ പള്ളിയോടു അടുത്തു താമസിക്കുന്ന അനേകർ പുത്തൻ പള്ളിയിൽ ഇടവക ചേർക്കണമെന്ന് അപേക്ഷിച്ചു.

28-11-1950. കോട്ടയം. ഇന്ന് വൈകിട്ടു കൂടിയ എ.റ്റി.എസ്.എ. സംഘടന അദ്ധ്യാപക പണിമുടക്കു പിൻവലിച്ചു. വ്യാഴാഴ്ച 30-നു മുതൽ അദ്ധ്യയനം തുടർന്നു നടത്തേണ്ടതാണെന്ന് തീരുമാനിച്ചു.

തിരുവനന്തപുരത്തു നിന്നും പ്രധാനമന്ത്രിയുടെ നിർദ്ദേശാനുസരണം വിദ്യാഭ്യാസ കാര്യങ്ങളെ സംബന്ധിച്ചു സംസാരിക്കാനായി ഇ. ജെ. ഫീലിപ്പോച്ചൻ ഇവിടെ എത്തി. യാതൊരു പരിതസ്ഥിതിയിലും പണിമുടക്കുവാൻ ഗവണ്മെന്റ് നിർബ്ബന്ധിക്കുന്നത് മൗലികാവകാശ ധ്വംസനമാണെന്നും നാം ഒരിക്കലും അതിനു വഴിപ്പെടുകയില്ലെന്നും വ്യക്തമാക്കി. അന്തരീക്ഷം ശാന്തമാകുന്നതിനു നിയമന സ്വാതന്ത്ര്യം അനുവദിച്ചാൽ നാം വിട്ടുവീഴ്ചയോടെ പദ്ധതിക്കനുകൂലിക്കരുതോ എന്നു ഫീലിപ്പോച്ചൻ അഭിപ്രായപ്പെട്ടു. സുദീർഘമായ കൂടിയാലോചനകൾക്കു ശേഷം ഇന്നത്തെ ആലോചനകൾ അവസാനിച്ചു.

29-11-1950. കോട്ടയം. അദ്ധ്യാപകർ പണിമുടക്കു പിൻവലിച്ചതുകൊണ്ടു ഇനിയും അദ്ധ്യാപകരെ തൃപ്തിപ്പെടുത്താനുള്ള മാർഗ്ഗം ആരാഞ്ഞു ഗവണ്മെന്റ് പദ്ധതിയോടു വിയോജിച്ചു നിക്കാൻ സാധിക്കുമോ എന്നുള്ള വിഷയം ചർച്ചാവിഷയമായി.

നമ്മുടെ മാനേജുമെന്റിലുള്ള സകല സ്കൂളുകളിലെയും ഫീസ് പിരിവ് കേന്ദ്രീകരിച്ചു ഒരു നല്ല ശമ്പളരീതി നടപ്പാക്കാൻ സാധിക്കുമോ എന്നുള്ളതിനെപ്പറ്റി ആലോചിക്കുകയും അതു സംബന്ധിച്ചു സ്ഥിതിവിവര കണക്കുകൾ ഉടനെ തന്നെ തയ്യാറാക്കാൻ നാം നിർദ്ദേശം നൽകുകയും ചെയ്തു.

എം.ഡി. സ്കൂളിലെ ഏതാനും ചില അദ്ധ്യാപകർ നമ്മുടെ മുമ്പാകെ എത്തി അവരുടെ നടപടിയിൽ ഖേദം പ്രകടിപ്പിക്കുകയും ക്ഷമാപണം നടത്തുകയും ചെയ്തു. അവരെ സ്കൂളിൽ പ്രവേശിപ്പിച്ചുകൊള്ളാൻ അനുവദിച്ചു നാം ഹെഡ്മാസ്റ്റർക്കു കല്പന കൊടുത്തു.

30-11-1950. കോട്ടയം. വെങ്ങോല പള്ളിക്കേസ് സംബന്ധിച്ചു വികാരി പൗലോസ് കത്തനാർ ഇവിടെ എത്തി വിവരങ്ങൾ നമ്മെ അറിയിച്ചു. പാവപ്പെട്ട ആളുകളാകകൊണ്ടു നാം അവർക്ക് 250 രൂപ കൊടുത്തു.

2-12-1950. പത്തനാപുരം. വി. മാതാവിനെപ്പറ്റി കിഴക്കൻ സഭകളുടെ വിശ്വാസസംഹിതയെ സംബന്ധിച്ച് ഫാ. ജാക്സനുമായി സുദീർഘം സംസാരിച്ചു. ജാക്സന് പല പുതിയ അറിവുകളും നമ്മുടെ സഭ വിശ്വസിക്കുന്നവ അറിയുന്നതിനും പഠിക്കുന്നതിനും സാധിച്ചതിൽ അയാൾ നമ്മോടു കൃതജ്ഞത പ്രകടിപ്പിച്ചു.

ഉച്ചയ്ക്കു ശേഷം കുമരകത്തുകാരത്തി നമ്മുടെ അനന്തരവത്തിക്കു സൈത്തു പൂശി.

1-12-1950. പത്തനാപുരം. രാവിലെ കാപ്പിമേശയ്ക്കു ശേഷം നാം യാത്ര പുറപ്പെട്ട് ഉച്ചയോടു കൂടെ ഇവിടെ എത്തി. യാത്രാമദ്ധ്യേ പുത്തൻകാവുപള്ളി സന്ദർശിച്ചു. നമ്മുടെ വരവു പ്രമാണിച്ചു മാർ ദീവന്നാസ്യോസ് മെത്രാച്ചൻ തൃശിനാപ്പള്ളിയിൽ നിന്നും നേരത്തെ ബദ്ധപ്പെട്ടു ഇവിടെ വന്നിരുന്നു. മെത്രാച്ചനു നമ്മോടുള്ള സ്നേഹവും ഭക്തിതാല്പര്യവും നമ്മെ അത്യധികം സന്തോഷിപ്പിച്ചു. എപ്പോഴും നമ്മുടെ സുഖസൗകര്യങ്ങൾ ആരാഞ്ഞുകൊണ്ടു മെത്രാച്ചൻ തന്നെ നമ്മെ ശുശ്രൂഷിച്ചു.

പത്തനാപുരം സ്കൂളിലെ വിദ്യാർത്ഥികളുടെ വകയായി നടത്തപ്പെടുന്ന പ്രെയർ ഗ്രൂപ്പിന്റെ ഒരു വിശേഷാൽ സമ്മേളനം നാലു മണിക്കു നടത്തുകയും വിദ്യാർത്ഥികളുടെയും അദ്ധ്യാപകന്മാരുടെയും താല്പര്യപ്രകാരം നാം ആദ്ധ്യക്ഷം വഹിക്കുകയും ചെയ്തു. ചടങ്ങുകൾ മംഗളമായി പര്യവസാനിച്ചു. വിദ്യാർത്ഥികളുടെ ഭക്തിആദരവുകൾ നമ്മെ സന്തുഷ്ടനാക്കി.

2-12-1950. പത്തനാപുരം. വി. മാതാവിനെപ്പറ്റി കിഴക്കൻ സഭകളുടെ വിശ്വാസസംഹിതയെ സംബന്ധിച്ച് ഫാ. ജാക്സനുമായി സുദീർഘം സംസാരിച്ചു. ജാക്സന് പല പുതിയ അറിവുകളും നമ്മുടെ സഭ വിശ്വസിക്കുന്നവ അറിയുന്നതിനും പഠിക്കുന്നതിനും സാധിച്ചതിൽ അയാൾ നമ്മോടു കൃതജ്ഞത പ്രകടിപ്പിച്ചു. നമ്മുടെ പട്ടക്കാരുടെ അജ്ഞതയിൽ അയാൾ ആശ്ചര്യം പ്രദർശിപ്പിച്ചു. നമ്മുടെ പട്ടക്കാരെ പൊതുവെ സഭയുടെ കാതലായ വിശ്വാസം പഠിപ്പിച്ച് നല്ലവണ്ണം ട്രെയിൻ ചെയ്യേണ്ടത് ഏറ്റവും അത്യാവശ്യമെന്ന് നമുക്ക് ഉത്തമബോധ്യം വന്നു.

ഉച്ചനമസ്കാരശേഷം നാം നേരത്തെ ഉള്ള പ്രോഗ്രാം അനുസരിച്ച് കൂടൽ മർത്തമറിയം പള്ളിയിലേക്കു പോയി. മാർ ദീവന്നാസ്യോസ് മെത്രാച്ചനും നമ്മെ അനുധാവനം ചെയ്തു.

വഴിമദ്ധ്യേ നമ്മുടെ വയലിറക്കത്തു അച്ചന്റെയും ഇടവകക്കാരുടെയും നിർബ്ബന്ധവും അപേക്ഷയും നിമിത്തം കലഞ്ഞൂർ പള്ളിയിൽ കയറി പ്രാർത്ഥിച്ചു. അവിടെ നിന്നും പുറപ്പെട്ട് കൃത്യം നാലു മണിക്ക് കൂടൽ പള്ളിയിൽ എത്തി.

കിഴക്കൻ ദേശങ്ങളിലെ ആളുകളുടെ മതബോധവും ദൈവഭക്തിയും സഭാസ്നേഹവും അവിടെ പ്രകടമായിരുന്നു. നമ്മുടെ ആഗമനത്തെ പ്രതീക്ഷിച്ചുകൊണ്ട് ഒരു വമ്പിച്ച ജനാവലി അവിടെ തടിച്ചുകൂടിയിരുന്നു. ലുത്തിനിയാ കഴിഞ്ഞ് നാം വിശ്രമാർത്ഥം മുറിയിലേക്കു പോകാൻ തുടങ്ങിയപ്പോൾ, നമ്മെ കണ്ടു മതിയായില്ല, ഇനിയും കണ്ട് തൃപ്തി അടയണമെന്ന് അവർ ആവശ്യപ്പെട്ടു. അവരുടെ ഹൃദയനിർഭരമായ ഭക്തിപ്രദർശനങ്ങൾ നമ്മെ അത്യധികം ആനന്ദിപ്പിച്ചു. നാം പന്തലിലേക്കു പോയി അവിടെ എല്ലാവർക്കും കാണത്തക്കവണ്ണം ഇരുന്നു. തദവസരത്തിൽ മാർ ദീവന്നാസ്യോസ് മെത്രാച്ചൻ ഒരു ലഘു പ്രസംഗം ചെയ്തു.

സന്ധ്യാനമസ്കാരത്തെ തുടർന്ന് മി. സി. ഐ. നൈനാന്റെ പ്രസംഗം ഉണ്ടായിരുന്നു. രാത്രിയിൽ വീണ്ടും നമ്മെ കാണണമെന്ന് അവർ ആഗ്രഹിച്ചതനുസരിച്ച് നാം പന്തലിൽ ചെന്ന് അവരോടായി ഒരു പ്രസംഗം ചെയ്തു. ഉച്ചഭാഷിണി ഘടിപ്പിച്ചിരുന്നു.

3-12-1950. കൂടൽ, കലഞ്ഞൂർ. രാവിലെ നാം വി. കുർബ്ബാന അണച്ചു. കുർബ്ബാനയ്ക്കു ശേഷം നാം പ്രസംഗിച്ചു. കുർബ്ബാനയ്ക്കു സമീപത്തുള്ള ഇടവകകളിൽ നിന്നും ഒരു വമ്പിച്ച ജനക്കൂട്ടം വന്നു സംബന്ധിച്ചു. ഉച്ചയ്ക്കുശേഷം രണ്ടു മണിക്കു ഒരു വമ്പിച്ച പൊതുയോഗം കൂടുകയും മർത്തമറിയം സമാജത്തിന്റെ ശാഖകൾ അവിടെ ഉദ്ഘാടനം ചെയ്തതായി നാം പ്രസംഗിക്കുകയും ചെയ്തു. അവിടുത്തെ വികാരി വല്യത്ത് ഫീലിപ്പോസ് കത്തനാരുടെ നേതൃത്വത്തിൽ ആ ഇടവകയിലെ സകല പ്രവർത്തനങ്ങളും അഭിവൃദ്ധിപ്പെട്ടു വരുന്നതിൽ നാം തൃപ്തി പ്രദർശിപ്പിച്ചു.

(തുടരും)

വേദപുസ്തകത്തിലെ സ്ത്രീ കഥാപാത്രങ്ങൾ

കനാന്യ സ്ത്രീ

സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)

മത്തായി എഴുതിയ സുവിശേഷം 15:21-28 വരെയും മർക്കോസ് എഴുതിയ സുവിശേഷം 7:24-30 വരെയും രേഖപ്പെടുത്തിയിരിക്കുന്ന കനാന്യ സ്ത്രീയുടെ സംഭവം വിശ്വാസത്തിന്റെ ആഴവും ദൈവകൃപയുടെ വിശാലതയും വ്യക്തമാക്കുന്ന അത്യന്തം പ്രാധാന്യമുള്ള ഭാഗമാണ്. യേശു സോർസീദോൻ പ്രദേശത്തേക്കു പോകുമ്പോൾ അവിടെ നിന്നുള്ള ഒരു പുറജാതി സ്ത്രീ തന്റെ മകളുടെ സൗഖ്യത്തിനായി യേശുവിനെ സമീപിക്കുന്നതാണ് ഈ സംഭവത്തിന്റെ പശ്ചാത്തലം (മത്തായി 15:21-22; മർക്കോസ് 7:24-26).

മത്തായി എഴുതിയ സുവിശേഷത്തിൽ അവളെ "കനാന്യസ്ത്രീ" എന്നു വിളിക്കുമ്പോൾ, മർക്കോസ് അവളെ "സുറൊഫൊയീക്യ ജാതിക്കാരി" എന്നു വിവരിക്കുന്നു. ഇതിലൂടെ അവൾ യഹൂദരിൽപ്പെട്ടവൾ അല്ലെന്ന് വ്യക്തമാണ്. യേശുവിന്റെ ശുശ്രൂഷ പ്രധാനമായും യിസ്രായേൽമക്കൾക്കായിരുന്ന സമയത്ത്, ഒരു അന്യജാതിക്കാരിയായ സ്ത്രീ അവനെ "ദാവീദിന്റെ പുത്രാ" എന്നു വിളിച്ച് കരുണ അപേക്ഷിക്കുന്നത് (മത്തായി 15:22) വലിയ ആത്മീയ അർത്ഥം നൽകുന്നു. ഇത് അവളുടെ വിശ്വാസബോധവും യേശുവിനെക്കുറിച്ചുള്ള അവളുടെ അറിവും വ്യക്തമാക്കുന്നു.

യേശു ആദ്യം അവൾക്ക് മറുപടി നൽകിയില്ല (മത്തായി 15:23). ഈ മൗനം ഒരു പരീക്ഷണമായിരുന്നു. ശിഷ്യന്മാർ പോലും അവളെ പറഞ്ഞു വിടണമെന്നു അപേക്ഷിച്ചു. എന്നിരുന്നാലും, അവൾ യേശുവിന്റെ മുമ്പിൽ വീണു "കർത്താവേ, എന്നെ സഹായിക്കേണമേ" എന്നു അപേക്ഷിച്ചു (മത്തായി 15:25). ഇത് അവളുടെ ദൃഢവിശ്വാസത്തെയും അടങ്ങാത്ത ആത്മബോധത്തെയും കാണിക്കുന്നു.

യേശു "മക്കളുടെ അപ്പം നായ്ക്കൾക്ക് എറിഞ്ഞുകൊടുക്കുന്നതു ശരിയല്ല" എന്നു പറഞ്ഞപ്പോൾ (മത്തായി 15:26; മർക്കോസ് 7:27), അത് ഒരു ആത്മീയ പരീക്ഷണമായിരുന്നു. എന്നാൽ അവൾ വിനയത്തോടെ മറുപടി പറഞ്ഞു: "അതെ, കർത്താവേ; നായ്ക്കുട്ടികളും ഉടയവരുടെ മേശയിൽ നിന്നു വീഴുന്ന നുറുക്കുകൾ തിന്നുന്നുണ്ടല്ലോ?" (മത്തായി 15:27). ഈ മറുപടി അവളുടെ വിനയവും വിശ്വാസവും ഒരുമിച്ചു പ്രകടിപ്പിക്കുന്നു.

അവളുടെ വിശ്വാസത്തിന് യേശു പ്രതികരിച്ച് "സ്ത്രീയേ, നിന്റെ വിശ്വാസം വലിയത്; നിന്റെ ഇഷ്ടം പോലെ നിനക്ക് ഭവിക്കട്ടെ" എന്നു ഉത്തരം പറഞ്ഞു (മത്തായി 15:28). മർക്കോസ് രേഖപ്പെടുത്തുന്നതുപോലെ, അവൾ വീട്ടിൽ എത്തിയപ്പോൾ മകൾ സൗഖ്യം പ്രാപിച്ചിരുന്നതായി കണ്ടു (മർക്കോസ് 7:29 30). ഈ സംഭവമൊട്ടാകെ യേശുവിന്റെ ശുശ്രൂഷ യിസ്രായേലിൽ മാത്രം ഒതുങ്ങുന്നതല്ലെന്നും, വിശ്വാസമുള്ള ഏവർക്കും ദൈവകൃപ ലഭ്യമാണെന്നും പഠിപ്പിക്കുന്നു. അതോടൊപ്പം, പ്രാർത്ഥനയിലെ സ്ഥിരത, വിനയം, ആത്മാർത്ഥത എന്നിവ ദൈവാനുഗ്രഹത്തിലേക്കുള്ള വഴികളാണെന്ന സത്യവും ഈ ഭാഗം നമ്മെ ഓർമ്മിപ്പിക്കുന്നു.

1. പശ്ചാത്തലം

മത്തായി 15:21-22 ൽ ഈ സ്ത്രീയെ "കനാന്യസ്ത്രീ" എന്നു വിളിക്കുന്നു. കനാന്യർ പുരാതനകാലത്ത് കനാൻദേശത്ത് പാർത്തിരുന്ന അന്യജാതിക്കാരായിരുന്നു. യിസ്രായേൽമക്കൾക്ക് പുറത്തുള്ള ഒരു ജാതിയിൽപ്പെട്ടവളായിരുന്നു അവൾ. അതേസമയം മർക്കോസ് 7:26 ൽ അവളെ "സുറോഫൊയീക്യ ജാതിക്കാരി" എന്നു വിശേഷിപ്പിക്കുന്നു. ഇതിലൂടെ അവൾ ഫൊയ്നീക്യ പ്രദേശത്ത് നിന്നുള്ളതും ഗ്രീക്ക് സംസ്കാരത്തിന്റെ സ്വാധീനത്തിൽ വളർന്നതുമായ ഒരു സ്ത്രീയാണെന്ന് മനസ്സിലാക്കാം. "സുറോഫൊയീക്യ" എന്ന പദം സിറിയയുടെ കീഴിലുള്ള ഫൊയ്നീക്യ പ്രദേശത്തെ സൂചിപ്പിക്കുന്നതാണ്. ആ പ്രദേശം പുരാതനകാലത്ത് സോർ,സീദോൻ തുടങ്ങിയ നഗരങ്ങളാൽ പ്രശസ്തമായിരുന്ന വ്യാപാരകേന്ദ്രമായിരുന്നു. മഹാനായ അലക്സാണ്ടർ ചൂവർത്തിയുടെ വിജയങ്ങൾ കഴിഞ്ഞതോടെ ആ പ്രദേശങ്ങളിൽ ഗ്രീക്ക് ഭാഷയും ഹെല്ലനിസ്റ്റിക് സംസ്കാരവും വ്യാപകമായി പ്രചരിച്ചു. അതിനാൽ "ഗ്രീക്ക്" എന്ന് വിളിക്കപ്പെട്ടത് അവൾ ഗ്രീക്ക് ജാതി ആയിരുന്നു എന്നർത്ഥത്തിൽ അല്ല; മറിച്ച് ഗ്രീക്ക് ഭാഷയും സംസ്കാരവും സ്വാധീനിച്ച ഒരു അന്യജാതിക്കാരി ആയിരുന്നു എന്ന അർത്ഥത്തിലാണ്. ഇതിലൂടെ അവൾ യഹൂദസമൂഹത്തിൽപ്പെട്ടവൾ അല്ലെന്നും, യേശുവിനെ സമീപിച്ചപ്പോൾ അവൾ ഒരു അന്യജാതിക്കാരിയായിരുന്നു എന്നും വ്യക്തമാകുന്നു.

യേശു സോർ, സീദോൻ എന്ന പ്രദേശങ്ങളിലേക്കു പോകുന്ന സമയത്താണ് ഈ സംഭവം നടക്കുന്നത് (മത്തായി 15:21; മർക്കോസ് 7:24). ഈ പ്രദേശം യഹൂദന്മാരുടെ പ്രധാന വാസമേഖലയല്ലായിരുന്നു. അതിനാൽ, യേശുവിന്റെ ശുശ്രൂഷയുടെ സാധാരണ പരിധിക്ക് പുറത്തുള്ള സ്ഥലത്തുനിന്നാണ് ഈ സ്ത്രീ അവനെ സമീപിക്കുന്നത്. ഇത് അവളുടെ ധൈര്യത്തെയും ആത്മാർത്ഥതയെയും പ്രകടിപ്പിക്കുന്നു.

അവളുടെ മകൾ ദുരാത്മാവിനാൽ കഠിനമായി പീഡിതയായിരുന്നു എന്നു മത്തായി രേഖപ്പെടുത്തുന്നു (മത്തായി 15:22). മർക്കോസ് 7:25 ൽ "അശുദ്ധാത്മാവ് ബാധിച്ച ചെറിയ മകൾ ഉള്ളൊരു സ്ത്രീ" എന്നു പറയുന്നു. ഒരു അമ്മ എന്ന നിലയിൽ തന്റെ മകളുടെ വേദന അവളെ ആഴത്തിൽ ബാധിച്ചു. ഈ വേദനയാണ് അവളെ യേശുവിന്റെ അടുക്കൽ എത്തിച്ചത്.

ഇതിലൂടെ നമുക്ക് മനസ്സിലാക്കുന്നത്, അവൾ ഒരു അന്യജാതിക്കാരിയാണെന്നും, യേശുവിന്റെ പ്രധാന ശുശ്രൂഷാ മേഖലയ്ക്ക് പുറത്തുള്ളവളാണെന്നും ആണ്. എന്നിരുന്നാലും, തന്റെ ആവശ്യം കൊണ്ടു അവൾ വിശ്വാസത്തോടെ യേശുവിനെ സമീപിച്ചു. അവളുടെ പശ്ചാത്തലം തന്നെ ഈ സംഭവത്തിന്റെ ആത്മീയ ആഴം കൂടുതൽ വ്യക്തമാക്കുന്നു.

2. വിശ്വാസം

മത്തായി എഴുതിയ സുവിശേഷം 15:22-ൽ കനാന്യസ്ത്രീ യേശുവിനെ "കർത്താവേ, ദാവീദിന്റെ പുത്രാ, എന്നോടു കരുണ തോന്നേണമേ" എന്ന്

വിളിക്കുന്നതായി കാണുന്നു. ഈ അഭിസംബോധന സാധാരണമായൊരു വിളി മാത്രമല്ല; അതിന് വളരെ ആഴമുള്ള മതപരവും ആത്മീയവുമായ അർത്ഥം ഉണ്ട്. "ദാവീദിന്റെ പുത്രൻ" എന്ന വിശേഷണം യഹൂദന്മാർ പ്രതീക്ഷിച്ചിരുന്ന മശിഹായെ സൂചിപ്പിക്കുന്ന ഒരു പ്രധാന പദമാണ്. പഴയ നിയമത്തിൽ ദൈവം ദാവീദ് രാജാവിനോട് അവന്റെ വംശത്തിൽ നിന്നു ഒരാൾ രാജാവായി ഉയർന്ന് ദൈവജനത്തെ രക്ഷിക്കും എന്ന് വാഗ്ദാനം ചെയ്തിരുന്നു. അതുകൊണ്ട് യഹൂദർ വരാനിരിക്കുന്ന രക്ഷകനെ "ദാവീദിന്റെ പുത്രൻ" എന്ന പേരിൽ പ്രതീക്ഷിച്ചു.

ഈ പശ്ചാത്തലത്തിൽ, അന്യജാതിക്കാരിയായ സ്ത്രീ യേശുവിനെ ഇങ്ങനെ വിളിക്കുന്നത് വളരെ ശ്രദ്ധേയമാണ്. അവൾ യഹൂദ സമൂഹത്തിൽപ്പെട്ടവൾ അല്ലെങ്കിലും, യേശുവിന്റെ വ്യക്തിത്വത്തെയും അധികാരത്തെയും കുറിച്ച് അവൾക്ക് അറിവുണ്ടായിരുന്നു. "ദാവീദിന്റെ പുത്രാ" എന്ന വിളിയിലൂടെ അവൾ യേശുവിനെ ഒരു സാധാരണ ഗുരുവായി അല്ല, മറിച്ച് ദൈവം അയച്ച രക്ഷകനായി അംഗീകരിക്കുന്നുവെന്നത് വ്യക്തമാക്കുന്നു. അതോടൊപ്പം "കർത്താവേ" എന്ന അഭിസംബോധന അവളുടെ ആദരവും വിശ്വാസവും പ്രകടിപ്പിക്കുന്നു.

അതിനാൽ ഈ വാക്കുകൾ വെറും സഹായത്തിനായുള്ള അപേക്ഷ മാത്രമല്ല; അത് വിശ്വാസത്തിന്റെ പ്രഖ്യാപനമാണ്. യഹൂദന്മാർക്കു പുറത്തുള്ള ഒരാൾ പോലും യേശുവിന്റെ മശിഹാ സ്ഥാനത്തെ തിരിച്ചറിഞ്ഞു വിശ്വാസത്തോടെ സമീപിക്കുന്നതിനെ ഈ സംഭവം എടുത്തു കാണിക്കുന്നു. ഇതിലൂടെ അവളുടെ ആഴമുള്ള ആത്മീയ ബോധവും ഉറച്ച വിശ്വാസവും വ്യക്തമായി പ്രകടമാകുന്നു

യേശു ആദ്യം അവളോട് മറുപടിയൊന്നും പറഞ്ഞില്ലെന്ന് മത്തായി 15:23 ൽ പറയുന്നു. സാധാരണയായി ഒരാൾ അവഗണിക്കപ്പെടുമ്പോൾ നിരാശപ്പെടുകയോ പിന്മാറുകയോ ചെയ്യാം. എന്നാൽ ഈ സ്ത്രീ പിന്തിരിഞ്ഞില്ല. യേശുവിന്റെ മൗനം അവളുടെ വിശ്വാസത്തെ തകർക്കാതെ, കൂടുതൽ ഉറപ്പിക്കുകയാണ് ചെയ്തത്. അവൾ തന്റെ അപേക്ഷ തുടർന്നു. ശിഷ്യന്മാർ പോലും "അവളെ പറഞ്ഞയക്കേണമേ" എന്ന് യേശുവിനോട് അപേക്ഷിച്ചു (മത്തായി 15:23). എന്നിരുന്നാലും അവൾ നിർത്തിയില്ല. മത്തായി 15:25 ൽ അവൾ യേശുവിന്റെ മുമ്പിൽ നമസ്കരിച്ച് "കർത്താവേ, എന്നെ സഹായിക്കേണമേ" എന്നു അപേക്ഷിക്കുന്നു. മർക്കോസ് 7:26 ൽ അവൾ തന്റെ മകളിൽ നിന്നു അശുദ്ധാത്മാവിനെ പുറത്താക്കണമെന്നു അപേക്ഷിച്ചതായി പറയുന്നു.

ഈ സംഭവങ്ങളൊക്കെയും അവളുടെ ദൃഢവിശ്വാസത്തെയും അചഞ്ചലമായ പ്രത്യാശയെയും തെളിയിക്കുന്നു. യേശുവിന്റെ മൗനം, ശിഷ്യന്മാരുടെ നിരാകരണം, സാമൂഹിക തടസ്സങ്ങൾ എന്നിവയൊന്നും അവളെ തടഞ്ഞില്ല. തന്റെ മകളുടെ സൗഖ്യത്തിനായി അവൾ വിശ്വാസത്തോടെ യേശുവിൽ ആശ്രയിച്ചു നിന്നു. അതുകൊണ്ടുതന്നെ ഈ ഭാഗം സ്ഥിരതയുള്ള വിശ്വാസത്തിന്റെ മികച്ച മാതൃകയായി നിലകൊള്ളുന്നു.

3. വിനയം

മത്തായി 15:26 ൽ യേശു അവളോടു പറഞ്ഞത്: "മക്കളുടെ അപ്പം എടുത്തു നായ്ക്കുട്ടികൾക്കു ഇട്ടുകൊടുക്കുന്നതു നന്നല്ല" എന്നായിരുന്നു. അതുപോലെ മർക്കോസ് 7:27 ൽ "മുമ്പേ മക്കൾക്കു തൃപ്തിവരട്ടെ; മക്കളുടെ അപ്പം എടുത്തു ചെറുനായ്ക്കൾക്കു ഇട്ടുകൊടുക്കുന്നതു നന്നല്ല" എന്നു പറയുന്നു.

യേശു അങ്ങനെ പറഞ്ഞപ്പോൾ അത് അപമാനിക്കാൻ ഉദ്ദേശിച്ച വാക്കല്ല; മറിച്ച് അന്നത്തെ യഹൂദ സമൂഹത്തിൽ നിലനിന്നിരുന്ന ആത്മീയ മുൻഗണനയെ സൂചിപ്പിക്കുന്ന ഒരു ഉപമയായിരുന്നു. "മക്കൾ" എന്നു പറഞ്ഞത് പ്രധാനമായും ദൈവത്തിന്റെ നിയമത്തിലും വാഗ്ദത്തങ്ങളിലും പങ്കാളികളായിരുന്ന യിസ്രായേൽജനത്തെ സൂചിപ്പിക്കുന്നു. "നായ്ക്കുട്ടികൾ" എന്ന പദം വീട്ടിലെ മേശയ്ക്കു ചുറ്റുമുള്ള ചെറിയ നായ്ക്കളെ സൂചിപ്പിക്കുന്ന ഒരു ഉപമയാണ്. ഈ ഉപമയിലൂടെ യേശു ആദ്യം ദൈവരാജ്യത്തിന്റെ സന്ദേശം യിസ്രായേലിനായാണ് വന്നതെന്ന സത്യവും അതിനുശേഷം അത് മറ്റു ജനങ്ങളിലേക്കും വ്യാപിക്കുമെന്ന് സൂചിപ്പിക്കുന്ന ആത്മീയ സത്യവും അവതരിപ്പിച്ചു. "നായ്ക്കുട്ടികളും ഉടയവരുടെ മേശയിൽ നിന്നു വീഴുന്ന നുറുക്കുകൾ തിന്നുന്നുണ്ടല്ലോ" എന്നായിരുന്നു കനാന്യസ്ത്രീയുടെ വിനയപൂർവ്വമായ മറുപടി. ഈ മറുപടിയിൽ അവൾ തന്റെ സ്ഥാനം തിരിച്ചറിഞ്ഞിരുന്നുവെന്ന ആത്മബോധവും അതോടൊപ്പം യേശുവിന്റെ കരുണയിൽ അവൾക്കുണ്ടായിരുന്ന ഉറച്ച പ്രത്യാശയും പ്രകടമാണ്. അവളുടെ വിശ്വാസവും വിനയവും തിരിച്ചറിഞ്ഞ യേശു അവളുടെ വിശ്വാസത്തെ പ്രശംസിക്കുകയും അവളുടെ മകൾക്ക് സൗഖ്യം നല്കുകയും ചെയ്തു.

ഈ സംഭവത്തിൽ അവളുടെ വിനയം വിശ്വാസത്തോടൊപ്പം ചേരുന്നുവെന്നത് വ്യക്തമാണ്. അവൾ അഹങ്കാരത്തോടെ അല്ല, മറിച്ച് അടക്കത്തോടും ആത്മാർത്ഥതയോടും യേശുവിനെ സമീപിച്ചു. അതുകൊണ്ടുതന്നെ അവളുടെ മറുപടി യേശുവിന്റെ ഹൃദയം സ്പർശിക്കുകയും അവളുടെ മകളുടെ സൗഖ്യത്തിന് വഴിയൊരുക്കുകയും ചെയ്തു (മത്തായി 15:28).

4. അചഞ്ചലമായ സ്ഥിരത

മത്തായി 15:23 ൽ യേശു അവളോട് ഒരു വാക്കുപോലും മറുപടി പറഞ്ഞില്ലെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഒരാളുടെ അപേക്ഷയ്ക്ക് മൗനം മറുപടിയായാൽ സാധാരണയായി അത് നിരാശയുണ്ടാക്കും. എന്നാൽ ഈ സ്ത്രീയുടെ കാര്യത്തിൽ യേശുവിന്റെ മൗനം അവളെ പിന്തിരിപ്പിച്ചില്ല. മറിച്ച് അവൾ കൂടുതൽ ആത്മാർത്ഥതയോടെ യേശുവിന്റെ പിന്നാലെ ചെന്നു. ശിഷ്യന്മാർ പോലും "അവളെ പറഞ്ഞയക്കുക" എന്നു പറഞ്ഞു (മത്തായി 15:23), എങ്കിലും അവൾ തന്റെ അപേക്ഷ നിർത്തിയില്ല.

മത്തായി 15:24-26 ൽ യേശു പറഞ്ഞ വാക്കുകൾ അവൾക്കൊരു പരീക്ഷണമായിരുന്നു. "യിസ്രായേൽഗൃഹത്തിലെ കാണാതെ പോയ ആടുകളുടെ അടുക്കലേക്കല്ലാതെ എന്നെ അയച്ചിട്ടില്ല" (15:24) എന്നും "മക്കളുടെ അപ്പം എടുത്തു നായ്ക്കുട്ടികൾക്കു ഇട്ടുകൊടുക്കുന്നതു നന്നല്ല" (15:26) എന്നും പറഞ്ഞ് അവളുടെ വിശ്വാസത്തെ പരീക്ഷിച്ചു. എന്നിരുന്നാലും, അവൾ നിരാശപ്പെടുകയോ പിന്മാറുകയോ ചെയ്തില്ല. പകരം, മത്തായി 15:25 ൽ അവൾ യേശുവിന്റെ മുമ്പിൽ വീണു "കർത്താവേ, എന്നെ സഹായിക്കേണമേ" എന്നു പറഞ്ഞ് അവനെ നമസ്കരിച്ചു.

മർക്കോസ് 7:26-28 ൽ തന്റെ മകളിൽ നിന്നു അശുദ്ധാത്മാവിനെ പുറത്താക്കണമെന്നു അവൾ ആവർത്തിച്ച് അപേക്ഷിച്ചതായി പറയുന്നു. യേശുവിന്റെ മറുപടികൾ പരീക്ഷണാത്മകമായിരുന്നെങ്കിലും, അവൾ പ്രത്യാശ വിട്ടുകളഞ്ഞില്ല. അവളുടെ വിശ്വാസം വാക്കുകളിൽ മാത്രമല്ല, തുടർച്ചയായ അപേക്ഷയിലും പ്രകടമായി.

ഇതിലൂടെ അവളുടെ സ്ഥിരതയും ധൈര്യവും വ്യക്തമാണ്. സാമൂഹിക തടസ്സങ്ങൾ, യേശുവിന്റെ മൗനം, പരീക്ഷണമായ വാക്കുകൾ, എന്നിവയൊന്നും അവളെ തടഞ്ഞില്ല. അവൾ സ്ഥിരമായി അപേക്ഷിച്ചു കൊണ്ടിരുന്നു. ഈ സ്ഥിരതയുള്ള പ്രാർത്ഥനയും അചഞ്ചലമായ വിശ്വാസവും തന്നെയാണ് അവസാനം അവളുടെ മകളുടെ സൗഖ്യത്തിന് വഴിയൊരുക്കിയത് (മത്തായി 15:28; മർക്കോസ് 7:2930).

5. യേശുവിന്റെ പ്രശംസ

മത്തായി 15:28 ൽ യേശു അവളോട് പറഞ്ഞു: "സ്ത്രീയേ, നിന്റെ വിശ്വാസം വലിയത്; നിന്റെ ഇഷ്ടം പോലെ നിനക്ക് ഭവിക്കട്ടെ." ഈ വാക്കുകൾ യേശുവിന്റെ തുറന്ന പ്രശംസയാണ്. ശിഷ്യന്മാരുടെയും മറ്റു യഹൂദരുടെയും സാന്നിധ്യത്തിൽ ഒരു അന്യജാതിക്കാരിയായ സ്ത്രീയുടെ വിശ്വാസത്തെ "വലിയത്" എന്ന് പ്രഖ്യാപിച്ചത് വളരെ ശ്രദ്ധേയമായ കാര്യമാണ്. യേശു പലപ്പോഴും വിശ്വാസത്തെക്കുറിച്ച് ഉപദേശിച്ചെങ്കിലും, ഇങ്ങനെ വ്യക്തമായി പ്രശംസിച്ച സംഭവങ്ങൾ അപൂർവ്വമാണ്.

ഈ പ്രശംസ വെറും വാക്കുകളിൽ മാത്രം നിന്നില്ല. അതേ വചനത്തിൽ തന്നെ "ആ നാഴിക മുതൽഅവളുടെ മകൾക്ക് സൗഖ്യം വന്നു" എന്നു രേഖപ്പെടുത്തിയിരിക്കുന്നു (മത്തായി 15:28). യേശുവിന്റെ വാക്കിനൊപ്പം അദ്ഭുതവും സംഭവിച്ചു. അവളുടെ ദൃഢവിശ്വാസവും വിനയവും സ്ഥിരതയും ഫലിച്ചു.

മർക്കോസ് 7:29 ൽ യേശു പറഞ്ഞു: "ഈ വാക്കു നിമിത്തം പോയ്ക്കൊൾക; ഭൂതം നിന്റെ മകളെ വിട്ടു പോയിരിക്കുന്നു." തുടർന്ന് 7:30 ൽ അവൾ വീട്ടിൽ എത്തുമ്പോൾ മകൾ കിടക്കമേൽ കിടക്കുന്നതും ഭൂതം വിട്ടു പോയതും കണ്ടു എന്ന് പറയുന്നു. ഈ സംഭവത്തിലൂടെ യേശുവിന്റെ ദൈവിക അധികാരവും ദൂരത്തിൽ നിന്നുള്ള അദ്ഭുതശക്തിയും വ്യക്തമായി വെളിപ്പെടുന്നു. കനാന്യ സ്ത്രീയുടെ മകൾ യേശുവിന്റെ സമീപത്ത് ഉണ്ടായിരുന്നില്ല; അവൾ വീട്ടിലായിരുന്നു. എന്നിരുന്നാലും യേശു അവളെ നേരിട്ട് കാണുകയോ സ്പർശിക്കുകയോ ചെയ്യാതെ തന്നെ "ഈ വാക്കു നിമിത്തം പോയ്ക്കൊൾക; ഭൂതം നിന്റെ

മകളെ വിട്ടുപോയിരിക്കുന്നു" എന്നു പറഞ്ഞു (മർക്കോസ് 7:29). ഈ വാക്ക് യേശുവിന്റെ പരിപൂർണ്ണ അധികാരത്തെ വ്യക്തമാക്കുന്നു, കാരണം അശുദ്ധാത്മാവിന്മേൽ അവൻ കല്പന പറയുമ്പോൾ അത് ഉടൻ തന്നെ നടന്നു. തുടർന്ന് സ്ത്രീ വീട്ടിലെത്തിയപ്പോൾ മകൾക്ക് സൗഖ്യം ലഭിച്ചിരുന്നതായി അവൾ കണ്ടു (മർക്കോസ് 7:30). ഇതിലൂടെ യേശുവിന്റെ ശക്തി സ്ഥലപരിധികളാൽ നിയന്ത്രിക്കപ്പെടുന്നതല്ലെന്നുംഅവന്റെ വാക്ക് തന്നെ അത്ഭുതം പ്രവർത്തിപ്പിക്കുന്ന ദൈവിക ശക്തിയുള്ളതാണെന്നും വ്യക്തമാകുന്നു. അതിനാൽ ഈ സംഭവം യേശുവിന്റെ സർവ്വാധികാരത്തെയും അവന്റെ വാക്കിന്റെ അത്ഭുതപ്രവർത്തന ശേഷിയെയും ശക്തമായി വെളിപ്പെടുത്തുന്നു.

അന്യജാതിക്കാരിയായ ഒരാളുടെ വിശ്വാസം യേശു തുറന്നുപറഞ്ഞ് പ്രശംസിച്ച അപൂർവ്വ സംഭവങ്ങളിലൊന്നാണ് ഈ സംഭവം. ജാതിയെയോ സാമൂഹിക പശ്ചാത്തലത്തെയോ അടിസ്ഥാനമാക്കി അല്ല, മറിച്ച് വിശ്വാസത്തെ അടിസ്ഥാനമാക്കിയുള്ള അനുഗ്രഹമാണ് ഇവിടെ കാണുന്നത്. അതിനാൽ ഈ സംഭവം വിശ്വാസത്തിന്റെ മഹത്വത്തെയും ദൈവകൃപയുടെ വിശാലതയെയും ശക്തമായി തെളിയിക്കുന്നു.

മത്തായി 15:2128യും മർക്കോസ് 7:24-30 യും വിവരിക്കുന്ന കനാന്യസ്ത്രീയുടെ സംഭവം പല ആത്മീയ സത്യങ്ങളും നമ്മെ പഠിപ്പിക്കുന്നു. ആദ്യമായി, ജാതിയോ സാമൂഹിക പശ്ചാത്തലമോ ദൈവസന്നിധിയിൽ ഒരു തടസ്സമല്ലെന്നത് ഈ സംഭവത്തിൽ വ്യക്തമാണ്. യഹൂദരിൽപ്പെട്ടവൾ അല്ലാത്ത ഒരാളുടെ അപേക്ഷയും വിശ്വാസവും യേശു സ്വീകരിക്കുകയും അനുഗ്രഹിക്കുകയും ചെയ്തു (മത്തായി 15:28). ഇത് ദൈവകൃപ എല്ലാവർക്കും തുറന്നിരിക്കുന്നുവെന്ന സത്യത്തെ ഊന്നിപ്പറയുന്നു.

രണ്ടാമതായി, ദൃഢവിശ്വാസവും വിനയവും ഒരുമിച്ചാൽ അത്ഭുതങ്ങൾ സംഭവിക്കാമെന്ന സന്ദേശമാണ് ഇവിടെ കാണുന്നത്. അവൾ യേശുവിനെ "ദാവീദിന്റെ പുത്രാ" എന്നു വിളിച്ചു (മത്തായി 15:22) അതിലൂടെ അവളുടെ വിശ്വാസം പ്രകടമായി. അതേസമയം, "നായ്ക്കുട്ടികളും ഉടയവരുടെ മേശയിൽ നിന്നു വീഴുന്ന നുറുക്കുകൾ തിന്നുന്നുണ്ടല്ലോ" എന്ന മറുപടിയിലൂടെ അവളുടെ വിനയം തെളിഞ്ഞു (മത്തായി 15:27; മർക്കോസ് 7:28). ഈ രണ്ട് ഗുണങ്ങളും ചേർന്നപ്പോഴാണ് അവളുടെ മകളുടെ സൗഖ്യത്തിന് വഴി തുറന്നത്.

മൂന്നാമതായി, പ്രാർത്ഥനയിലെ സ്ഥിരതയുടെ പ്രാധാന്യം ഈ സംഭവം ഊന്നിപ്പറയുന്നു. യേശുവിന്റെ മൗനവും പരീക്ഷണമായ വാക്കുകളും ഉണ്ടായിട്ടും അവൾ പിന്തിരിഞ്ഞില്ല (മത്തായി 15:23-26). അവളുടെ അചഞ്ചലമായ സ്ഥിരതയുടെയും തുടർച്ചയായ അപേക്ഷയുടെയും ഫലമായി അവൾക്ക് മറുപടിയും അത്ഭുതവും ലഭിച്ചു (മർക്കോസ് 7:29-30).

അതിനാൽ, ഈ സംഭവം നമ്മെ പഠിപ്പിക്കുന്നത്, വിശ്വാസം, വിനയം, സ്ഥിരത എന്നിവ ദൈവാനുഗ്രഹത്തിലേക്കുള്ള വഴികളാണെന്നതാണ്. മനുഷ്യപരമായ എല്ലാ പരിധികളും മറികടന്ന് ദൈവത്തിൽ ആശ്രയിക്കുന്ന വിശ്വാസം ഒരിക്കലും വെറുതെയാകുകയില്ലെന്ന ആത്മവിശ്വാസം ഈ ഭാഗം നമ്മിൽ വളർത്തുന്നു.

എറിത്രിയൻ ഓർത്തഡോക്സ് സഭയിലെ അഭിവന്ദ്യ പിതാക്കൻമാർ പരുമല സെമിനാരിയിൽ.

ഭോപ്പാൽ സെന്റ് തോമസ് ഓർത്തോഡോക്സ് കത്തീഡ്രലിൽ ഓശാന പെരുന്നാള് ശുശ്രൂഷയ്ക്ക് കൽക്കട്ട ഭദ്രാസന മെത്രാപ്പോലീത്താ അലക്സിയോസ് മാർ യൗസേബിയോസ് പ്രധാന കാർമികത്വം വഹിച്ചു. ഫാ. എം. ജെ. മാത്യു (വികാരി), ഫാ. ജിജിൻ സാം ജെയിംസ് (സഹ വികാരി), ഫാ. ജോയെൽ മാത്യു എന്നിവർ സഹകാർമികത്വം വഹിച്ചു.

സുൽത്താൻ ബത്തേരി സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ നടന്ന ഓശാന പെരുന്നാൾ ശുശ്രൂഷകൾക്ക് അഭിവന്ദ്യ ഡോ. ഗീവർഗ്ഗീസ് മാർ ബർന്നബാസ് മെത്രാപ്പോലീത്ത മുഖ്യകാർമ്മികത്വം വഹിച്ചു. കത്തീഡ്രൽ വികാരി ഫാ. അനീഷ് ജോർജ്, സഹവികാരി ഫാ. അബിൻ സണ്ണി, ഫാ. നിബിൻ ജേക്കബ് എന്നിവർ പെരുന്നാൾ ശുശ്രൂഷകളിൽ സഹകാർമ്മികരായിരുന്നു.

ദുബായ് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രലലിൽ സഖറിയാ മാർ സേവേറിയോസ് ഓശാന പെരുന്നാൾ ശുശ്രൂഷകൾക്ക് പ്രധാന കാർമ്മികത്വം വഹിച്ചു. ഇടവക വികാരി ഫാ. അജു എബ്രഹാം, അസിസ്റ്റന്റ് വികാരി ഫാ. ചെറിയാൻ ജോസഫ്, ഇ. റ്റി. തോമസ് വയലിറക്കത്തിൽ കോർ എപ്പിസ്കോപ്പാ, ഫാ. എബ്രഹാം മാത്യു, ഫാ. ഷിബു ജോൺ എന്നിവർ സഹകാർമ്മികത്വം വഹിച്ചു.

വചനതീർത്ഥം

ഉയിർപ്പ് ഞായർ

(വി. മർക്കോസ് 16:1-8)

ഫാ. ബ്രിൻസ് അലക്സ് മാത്യൂസ്
(ഓർത്തഡോക്സ് സെമിനാരി, കോട്ടയം)

ക്രിസ്തുവിന്റെ പുനരുത്ഥാനം എല്ലാതരത്തിലുമുള്ള ഭയങ്ങളുടെ മേലുമുള്ള വിജയമാണ്. ക്രിസ്തു നിദ്രകൊണ്ടവരുടെ ആദ്യ ഫലം എന്ന് പരിശുദ്ധനായ പൗലോസ് അപ്പോസ്തലൻ ഓർമ്മിപ്പിക്കുമ്പോൾ ഓരോ വിശ്വാസിയും എപ്രകാരമാണ് മരണത്തെ നേരിടുന്നത് എന്നുള്ളതിന്റെ ഒരു നേർചിത്രമാണ് നമുക്ക് ലഭിക്കുക. മരണം വിശ്വാസിയുടെ ജീവിതത്തിന്റെ അവസാനമല്ല നിത്യജീവന്റെ ആരംഭമാണ് എന്ന് നമുക്ക് മനസ്സിലാക്കാം ശൂന്യമായ കല്ലറ ക്രിസ്തു മരണത്തെ ജയിച്ചതിന്റെ മാത്രം അടയാളമല്ല പിന്നെയോ ഓരോ വിശ്വാസിക്കും സുനിശ്ചിതമായിരിക്കുന്ന പുനരുത്ഥാനത്തിന്റെ സൂചന കൂടിയാണ്.

അസ്തമിച്ചു പോയതിന്റെ ഉദയമാണ് പുനരുത്ഥാനം

പരിശുദ്ധനായ പൗലോസ് ശ്ലീഹാ ഉയിർപ്പിനെ സാധർമ്മ്യപ്പെടുത്തുന്നത് നിലത്ത് വീണ വിത്തിനോടാണ്. നിലത്തുവീണു നശിച്ചുപോയി എന്ന് വിചാരിക്കുന്നയിടത്ത് നിന്ന് പുതിയ നാമ്പ് രൂപപ്പെടുന്നതുപോലെ നമ്മുടെ കർത്താവിന്റെ പുനരുത്ഥാനം തന്റെ ശിഷ്യഗണങ്ങളുടെ ഇടയിൽ പുത്തൻ പ്രതീക്ഷകളെ പകരുകയായിരുന്നു. രണ്ടു ദിനങ്ങൾക്ക് മുൻപ് ക്രിസ്തുവിനെ കുരിശിക്കുമ്പോൾ ശിഷ്യന്മാരോ കൂടെ നിന്ന സ്ത്രീകളോ അവൻ വീണ്ടും ജീവനോടെ ഉണ്ടാകും എന്ന് വിചാരിച്ചു കാണില്ല. മൂന്നര വർഷമായി കൂടെയുണ്ടായിരുന്ന ശിഷ്യഗണം ചിതറി ഓടുകയാണ്. മുറിയുടെ ഉള്ളിൽ നിന്ന് പുറത്തിറങ്ങാൻ പറ്റാത്ത വിധം അവർ ഭയന്നിരുന്നു. വ്യഥയും നോവും മാത്രം ഉണ്ടായിരുന്ന മനസ്സോടെ സ്ത്രീകൾ രാവിലെ കല്ലറക്കിലെത്തുമ്പോൾ തങ്ങളുടെ കാഴ്ച മറക്കുന്ന വലിയ കല്ലിനെ കുറിച്ചാണ് അവരുടെ തത്രപ്പാട്. എന്നാൽ സകല മാനുഷിക ചിന്തകളെയും തകിടം മറിച്ചുകൊണ്ട്, സർവ്വതും നശിച്ചു എന്ന് തോന്നുന്ന ഇടത്തുനിന്ന്, "ഭയപ്പെടേണ്ട" എന്ന ശബ്ദം അവർ കേൾക്കുകയാണ്. വാസ്തവത്തിൽ ഉയർപ്പ് ചിതറി പോയവരെ കൂട്ടിച്ചേർക്കുന്ന ഉത്സവമാണ്.

കർത്താവിന്റെ പുനരുത്ഥാനം മനുഷ്യന്റെ വർത്തമാനകാല ജീവിതത്തിനും ഏറെ ആശ്വാസവും പ്രത്യാശയും പകരുന്നതാണ് ചെറുതും വലുതുമായ എല്ലാ തകർച്ചകൾക്കും നഷ്ടബോധങ്ങൾക്കും അവസാനം ശൂന്യതയല്ല എന്നുള്ള ഓർമ്മപ്പെടുത്തലാണ് ഇത്. ഒന്നാം ദിവസത്തിനും രണ്ടാം ദിവസത്തിനും അപ്പുറമുള്ള മൂന്നാം ദിവസം നമ്മുടെ ജീവിതങ്ങളിലും ഒരു മൂന്നാം ദിവസം ഉണ്ട് എന്ന് നമ്മെ ഓർപ്പിക്കുന്നുണ്ട്. എല്ലാ അസ്തമനങ്ങളുടെയും അവസാനം ഒരു ഉദയം ഉണ്ട് എന്ന് ഒരു ഉറപ്പ് നമുക്കുണ്ടാവണ്ടിരിക്കുന്നു ആ ഉറപ്പിന് കാരണം ഒരു ഒഴിഞ്ഞ കല്ലറയുമാണ്.

ക്രിസ്തു രഹസ്യത്തിന്റെ വെളിപ്പെടലാണ് പുനരുത്ഥാനം

സുവിശേഷങ്ങളിൽ നമ്മുടെ കർത്താവ് തന്റെ പ്രസംഗങ്ങളിലൂടെയും അടയാളങ്ങളിലൂടെയും ഒക്കെ മനുഷ്യാവതാര പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. എന്നാൽ മശിഹൈക രഹസ്യങ്ങളുടെ വ്യക്തത പുനരുത്ഥാനത്തോടു കൂടിയാണ് ലഭിക്കുന്നത്. നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാകുന്നു എന്ന പത്രോസിന്റെ പരാമർശത്തിനോട് അത് ആരോടും പറയരുത് എന്നാണ് ഗുരു മറുപടി പറയുക. എന്നാൽ താൻ മരണത്തെ ജയിച്ചതോടെ സർവ്വ പ്രപഞ്ചത്തിന്റെയും മുൻപാകെ ഈ രഹസ്യം വെളിപ്പെട്ട് വരികയാണ്. സൃഷ്ടിയുടെ ആരംഭത്തിൽ മനുഷ്യകുലം സമാരംഭിച്ചത് പോലെ ക്രിസ്തുവിന്റെ പുനരുത്ഥാനത്തോടെ പുതിയ സൃഷ്ടിക്ക് പ്രാരംഭം ആവുകയാണ്.

ആദമിൽ എല്ലാവരും മരിക്കുന്നതുപോലെ ക്രിസ്തുവിൽ എല്ലാവരും ജീവിപ്പിക്കപ്പെടും (1 കൊരിന്ത്യർ 15:22) എന്ന പൗലോസ് അപ്പോസ്തോലന്റെ ദർശനത്തെ പുനരുത്ഥാനത്തോടെ ആരംഭിക്കുന്ന പുതിയ ജീവന്റെ അടിവരയിടലായി വേണം മനസ്സിലാക്കുവാൻ. വാസ്തവത്തിൽ ഈ പുതിയ അനുഭവത്തിലേക്ക് മാനവകുലത്തെ കൂട്ടിക്കൊണ്ട് വരുവാനായി ദൈവം മനുഷ്യനായി എന്നത് തന്നെയാണ് ക്രിസ്തുരഹസ്യം എന്ന് പറയുന്നത്. ഈ ക്രിസ്തു രഹസ്യം അതിന്റെ പൂർണ്ണതയിൽ വെളിപ്പെട്ടു കിട്ടുന്നത് പുനരുത്ഥാനത്തോടു കൂടിയാണ്.

മുണ്ടക്കയം പൈങ്ങനാ സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയിലെ ഓശാന പെരുന്നാൾ ശുശ്രൂഷയിൽ എത്യോപ്യൻ ഓർത്തഡോക്സ് സഭയുടെ ഗുരാഗെ ഭദ്രാസന മെത്രാപ്പോലീത്താ അബൂനാ മൽക്കിസദേക്ക് പങ്കെടുത്തു. ഫാ. റ്റി. കെ ജോർജ് കോർ എപ്പിസ്കോപ്പാ തൈപ്പറമ്പിൽ, ഇടവക വികാരി ഫാ ആൻഡ്രൂസ് ജോസഫ് ഐക്കരമറ്റത്തിൽ, ഫാ. ജിയോ ജോസഫ് എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Church Calendar

As in Adam all die, so in Christ all will be made alive

Resurrection Sunday

(St. Mark 16:1–8)



Philipose Ramban

(Jyothis Ashram, Abu Road, Rajasthan)

The rising of a dead person is the first event of its kind in human history. Even today, it is a reality that many people are unable to accept. It is the event where the Lord gained victory over sin, death, and Satan. Jesus' birth was a great joy meant for all people. His death and suffering were for the atonement of sin.

On Resurrection Day, during the night prayer, before the start of the fourth Kauma, we hear the announcement of the Resurrection every Easter: "Brothers, I inform you of a new news. The Messiah has risen from the grave and has driven his enemies back." As a response to this, everyone says loudly: "Truly we believe that He has risen." Just as we recite this, we must truly believe that He has risen.

The eyes of the disciples are opened

The unwavering faith that Jesus offered to God the Father resurrected Him. According to the Father's plan for the sake of all creation, Jesus rose without undergoing decay. That was the authority and power of the Father at work; it is the fulfilment of the Holy Scriptures and God's promise. But for the disciples, they could not believe that suddenly. When they heard it, it felt to them only like a fable (made-up story). When they went inside the tomb and saw the signs of the Resurrection, they wondered. Just as they were not expecting the Resurrection, Jesus appears to the disciples. This became the cause for their eyes to open gradually. They see that God's plan for all creation was fulfilled in the risen Christ.

Resurrection: From Sorrow to Joy

"When they saw the risen Jesus, they were filled with joy" (St. John 20:20). The joy that the disciples, who were gathered in the upper room in Jerusalem on the evening of the Sunday when Jesus was resurrected, was indescribable. What must have been their mental state from the time Jesus was crucified on Friday until they saw Jesus on that Sunday evening?

With the Lord's death on the cross, a great despair arose in the disciple community. With how much expectation had they abandoned their own jobs and families to follow Jesus! Peter and his brother Andrew, who were fishermen, had left their boat and nets to follow Jesus. They imagined that Jesus was the Anointed One, appointed to establish the Kingdom of Heaven. Matthew was a tax collector. A job through which, many financial gains could be achieved. When he left that and followed Jesus, what stood rooted in his mind was the concept of the Kingdom of God.

However, after the experience of Friday, they thought that leaving their old path was a mistake. Nothing could be gained. Everything collapsed. The disciples might have revealed their despair among themselves. With Jesus' tragic death on the cross, the disciples' expectations and hopes were burnt to ashes. Not only intense despair, but fear and shame also might have affected them. However, when they heard the good news of the Resurrection, they became energetic. They changed into those who have expectation and hope.

Resurrection: Coming from Vagueness to Full Knowledge

It was women who received the fortune to first know the good news of the Resurrection. This event gives emphasis to the participation of women in Christian church life. Women went to Jesus' tomb very early on the first day of the week. Even though they had heard Jesus repeatedly prophesying that He would rise on the third day, they had not believed. When they went near the tomb very early, they were able to understand clearly that Jesus had risen. They saw two signs. One, the stone that sat at the door of the tomb had been rolled away. Two, when they entered inside the tomb, they did not see Jesus' body in it. Although the indication of these two signs was that Jesus had risen, they did not have a clarity in it. While standing near the tomb perplexed, two people wearing shining clothes appeared to them. Then these angels gave the good news that Jesus had been resurrected and "Do not seek the living among the dead." Immediately the women went and informed the eleven apostles and all others of the things they saw. Thus, they gained full clarity and faith that Christ rose.

Resurrection: They arrive from unbelief to faith

The women immediately informed the disciples of the good news that the Lord Jesus had risen. But they did not believe it. It felt to them only like a fable. Peter immediately got up and ran to the tomb. He saw the linen cloth that wrapped Jesus, the sign of the Resurrection, lying alone in the tomb. Thus, it was in the circumstance where the disciples did not believe in Jesus' Resurrection that the resurrected Christ Himself appeared to the disciples several times and strengthened them in faith. Thus, appearing to the disciples many times, Jesus leads them from unbelief to faith.

Resurrection: Marked the beginning of a new era

If Jesus had not risen from the grave and had lain decaying in the grave, He would have been remembered only as a historical figure, as a noble teacher, and as a great man who lived and died for others. If so, there would have been no Gospel or Christian Church. In the Epistle to the Philippians, St. Paul the Apostle says: "Therefore God highly exalted Him and gave Him the name which is above every name... so that every tongue should confess that Jesus Christ is Lord, to the glory of God the Father" (Phil. 2:9–11). In the fifteenth chapter of the First Epistle written to the Corinthians, it is clarified that the Resurrection of Christ is the foundation stone of the Christian faith.

With the Resurrection of Christ, a new era has begun. Just as everyone died in Adam, in Christ, everyone happens to be resurrected. The disciples were able to change into the propagators of the new era that started with Christ's Resurrection.

Their state before seeing Jesus and their state after seeing Him are different. A very wonderful transformation is what happened to them. However, what the Resurrection of Christ proclaims to the world is the truth that ultimately only the path of goodness will triumph. It is not Satan, but God who wins. Only those who have this faith can face the problems of the world today with hope and without fear of defeat. When sin happens, repenting and receiving Holy Qurbana in the experience of true confession, re-establishing the lost relationship with the Lord, we must be able to have the resurrected Christ live through us and enter into the experience of transformation and lead others to that experience. May we be able to experience the presence of the risen Lord in our community life and personal life.

❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

മറുപുറം

വേരുകൾ കാത്തിരിക്കുന്ന മഴ

അവഗണിക്കപ്പെട്ടതിനും കബളിപ്പിക്കപ്പെട്ടതിനും തെളിവ് ചോദിച്ചാൽ നൂറു സംഭവങ്ങൾ നിരത്തി പറയാൻ കഴിയും. പക്ഷേ ഒരാൾ ഒരിക്കൽ സ്നേഹിച്ചിരുന്നു എന്നതിന് തെളിവ് ചോദിക്കരുത്. അവിടെ വാക്കുകൾക്കു സാധാരണയായി പരാജയമുണ്ടാകും. നിരത്താൻ പാകത്തിൽ രേഖകളൊന്നുമില്ലാതെ, മനസ്സ് മാത്രം കൈമലർത്തി നിൽക്കും. കാരണം സ്നേഹം പലപ്പോഴും സംഭവങ്ങളുടെ പട്ടികയല്ല; അത് നിശ്ശബ്ദമായി ജീവിച്ച നിമിഷങ്ങളുടെ ഒരു മറഞ്ഞ ചരിത്രമാണ്. വേനൽ എത്ര കരിച്ചാലും ഒരൊറ്റ മഴ മതി. പ്രകൃതിയുടെ ഈ സത്യം മനുഷ്യജീവിതത്തിലും പലപ്പോഴും ആവർത്തിക്കപ്പെടുന്നു. ചില കാലങ്ങൾ നമ്മെ അത്രയും കടുപ്പത്തോടെ പരീക്ഷിക്കും; ബന്ധങ്ങൾ ഉണങ്ങിപ്പോകും, വിശ്വാസങ്ങൾ തളരും, നാം ചെയ്ത നന്മകൾ പോലും ആരും ഓർക്കാത്തതുപോലെ തോന്നും.

ഒരിക്കൽ പച്ചപ്പോടെ നിറഞ്ഞിരുന്ന സ്വപ്നങ്ങൾ പൊട്ടിപ്പൊളിഞ്ഞ മണ്ണു പോലെ ചിതറിക്കിടക്കും. അപ്പോൾ മനുഷ്യൻ തന്റെ ഉള്ളിൽ തന്നെ ഒരു ചോദ്യമുയർത്തും: ഇനി ഒരിക്കലെങ്കിലും ഈ ജീവിതത്തിൽ പച്ചപ്പ് മടങ്ങിയെത്തുമോ?

പൊട്ടിപ്പൊളിഞ്ഞ മണ്ണിന്റെ മേൽനോട്ടത്തിൽ നിന്നാൽ എല്ലാം അവസാനിച്ചു പോയതുപോലെ തോന്നും. പച്ചപ്പിന്റെ ഓർമ്മ പോലും മങ്ങിയതായി തോന്നും. കാറ്റ് പൊടിപടലങ്ങൾ മാത്രം പറത്തിക്കൊണ്ടിരിക്കും. മരങ്ങൾ നിശ്ശബ്ദമായി നിൽക്കും; ഇലകൾ ചുരുങ്ങി, തണ്ടുകൾ കരിഞ്ഞുനിൽക്കും. പ്രകൃതിയുടെ ആ ദൃശ്യം ഒരുവിധ മൗനദുഃഖം പോലെ തോന്നും.

എന്നാൽ ഈ പുറംദൃശ്യം മുഴുവൻ സത്യമായിരിക്കണമെന്നില്ല. കാരണം മണ്ണിന്റെ അടിയിൽ, മനുഷ്യന്റെ കണ്ണിൽപ്പെടാത്ത ഒരു ജീവിതം ഇപ്പോഴും ഉറങ്ങിക്കിടക്കുന്നു. അത് വേരുകളുടെ ജീവിതമാണ്.

വേരുകൾ ഒരിക്കലും വെറും മരക്കഷണങ്ങളല്ല. അവ ഭൂമിയുടെ ഇരുണ്ട ഗർഭത്തിൽ പതിഞ്ഞിരിക്കുന്ന ഒരു നിശ്ശബ്ദ വിശ്വാസമാണ്. അവ ഒരു കാത്തിരിപ്പാണ്. ഒരിക്കൽ മഴ വരുമെന്നുള്ള ഒരു മൗന പ്രതീക്ഷയാണ്. പുറമേ കരിഞ്ഞുനിൽക്കുന്ന ഭൂമിയുടെ അടിയിൽ പോലും അവ ജീവിതത്തിന്റെ സൂക്ഷ്മ ധാരകളെ പിടിച്ചുനിർത്തിക്കൊണ്ടിരിക്കുന്നു.

മനുഷ്യജീവിതവും അതുപോലെ തന്നെയാണ്. മനുഷ്യന്റെ ഉള്ളിലും വേരുകൾ ഉണ്ട്. അവ കണ്ണുകൊണ്ട് കാണാനാവില്ല. അവ ആത്മാവിന്റെ ആഴങ്ങളിൽ പതിഞ്ഞിരിക്കുന്നു. ദൈവം മനുഷ്യന്റെ ഉള്ളിൽ നട്ടുവെച്ച ഒരു രഹസ്യമാണ് അവ. ലോകം എത്ര കടുപ്പമായി പെരുമാറിയാലും, നിരാശയുടെ കാറ്റുകൾ എത്ര ശക്തമായി വീശിയാലും, ആ വേരുകൾ മുഴുവനായി മരിച്ചുപോകാറില്ല. ക്രിസ്തീയ ദർശനം നമ്മെ പഠിപ്പിക്കുന്ന ഒരു വലിയ സത്യം ഇതാണ്, ദൈവം മനുഷ്യനെ പുറംകാഴ്ചകളിലൂടെ മാത്രം കാണുന്നില്ല. അവൻ വേരുകളെ കാണുന്നു.

ക്രിസ്തുവിന്റെ ജീവിതം മുഴുവനും ആ വേരുകളുടെ കഥയാണ്. മനുഷ്യരുടെ കണ്ണിൽ പരാജയമായി തോന്നിയ നിമിഷങ്ങളിലൊക്കെയും ദൈവം ഒരു പുതിയ ജീവിതത്തിന്റെ വിത്ത് നട്ടുകൊണ്ടിരുന്നു. ഒരു ശിശുവായി ജനിച്ച അവൻ രാജമന്ദിരങ്ങളിൽ അല്ല, മഹത്വത്തിന്റെ അരങ്ങുകളിലും അല്ല, മറിച്ച് ഒരു സാധാരണ കിടങ്ങിലാണ് തന്റെ യാത്ര ആരംഭിച്ചത്. മനുഷ്യരുടെ കണക്കുകൂട്ടലുകളിൽ അത് വലിയ കാര്യമൊന്നുമല്ലായിരുന്നു. എന്നാൽ ദൈവത്തിന്റെ കാഴ്ചയിൽ അത് ഒരു വിത്തിടലായിരുന്നു.

വിത്തുകൾ മണ്ണിനകത്താണ് നട്ടുവെക്കപ്പെടുന്നത്. അവ വെളിച്ചത്തിന്റെ നടുവിൽ അല്ല, ഇരുട്ടിന്റെ ആഴത്തിലാണ് വളരാൻ തുടങ്ങുന്നത്. ഇതാണ് ക്രിസ്തുവിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്ന രഹസ്യം: ജീവിതത്തിന്റെ ഇരുണ്ട നിമിഷങ്ങൾ പലപ്പോഴും പുതുജീവന്റെ ഗർഭകാലം ആയിരിക്കാം.

യേശു മനുഷ്യരുടെ ഇടയിൽ നടന്നപ്പോൾ അവൻ പല ഉണങ്ങിയ ജീവിതങ്ങളെ കണ്ടു. സമൂഹം തള്ളിപ്പറഞ്ഞവരെയും വേദനയിൽ തളർന്നവരെയും കുറ്റബോധത്തിന്റെ ഭാരത്തിൽ തകർന്നവരെയും. മറ്റുള്ളവർ അവരെ നോക്കുമ്പോൾ കാണുന്നത് ഉണങ്ങിയ ശാഖകളായിരുന്നു. എന്നാൽ യേശു അവരിൽ കണ്ടത് മരിച്ചിട്ടില്ലാത്ത വേരുകളായിരുന്നു.

ഒരു വാക്ക് മതിയായിരുന്നു. ഒരു സ്പർശം മതിയായിരുന്നു. ഒരു കരുണയുടെ കണ്ണോട്ടം മതിയായിരുന്നു. അത് ഒരൊറ്റ മഴപോലെയായിരുന്നു.

രോഗത്തിന്റെ ഇരുട്ടിൽ കഴിയേണ്ടിവന്ന സ്ത്രീ യേശുവിന്റെ വസ്ത്രത്തിന്റെ അറ്റം സ്പർശിച്ച നിമിഷം അവളുടെ ജീവിതത്തിൽ ഒരു മഴ പെയ്തു. വഴിയരികിൽ ഇരുന്ന കുരുടൻ കരഞ്ഞപ്പോൾ അവന്റെ ഇരുട്ടിലേക്ക് വെളിച്ചത്തിന്റെ മഴ ഇറങ്ങി. പാപിനി കണ്ണീരോടെ യേശുവിന്റെ കാലുകൾ കഴുകിയപ്പോൾ അവളുടെ ഉണങ്ങിയ ആത്മാവിൽ കരുണയുടെ മഴ പെയ്തു.

ക്രിസ്തു നമ്മെ പഠിപ്പിക്കുന്നത് ഇതാണ്: മനുഷ്യജീവിതം ഒരിക്കലും മുഴുവനായി മരിച്ചുപോകുന്നില്ല. വേരുകൾ ജീവിച്ചിരിക്കുന്നിടത്തോളം പ്രതീക്ഷ മരിക്കില്ല.

ചിലപ്പോൾ നമ്മുടെ ജീവിതത്തിൽ നീണ്ട വേനൽക്കാലങ്ങൾ വരാം. നമ്മെ മനസ്സിലാക്കാത്ത മനുഷ്യരും വരാം. നമ്മെ ഉപയോഗിച്ചിട്ട് മറക്കുന്ന ബന്ധങ്ങളും ഉണ്ടാകും. നമ്മൾ നൽകിയ സ്നേഹത്തിന് തിരിച്ചുകിട്ടുന്നത് പലപ്പോഴും മൗനമോ വേദനയോ ആയിരിക്കും. അപ്പോൾ ജീവിതം തന്നെ പൊള്ളുന്ന മണൽപ്പരപ്പായി തോന്നും.

എന്നാൽ ക്രിസ്തുവിന്റെ കാഴ്ചയിൽ മനുഷ്യൻ ഒരു വേനൽക്കാലമല്ല. അവൻ ഒരു മഴക്കാലത്തിന്റെ സാധ്യതയാണ്. കുരിശ് പോലും അതിന്റെ തെളിവാണ്. മനുഷ്യരുടെ കണ്ണിൽ അത് ഒരു പരാജയം, ഒരു അവസാനിപ്പിക്കൽ. എന്നാൽ ദൈവത്തിന്റെ കാഴ്ചയിൽ അത് മണ്ണിലാണ്ട ഒരു വിത്തിന്റെ നിമിഷമായിരുന്നു. മൂന്നാം ദിവസം പെയ്ത മഴയുടെ പേര് പുനരുത്ഥാനം.

അവിടെ നിന്നാണ് ക്രിസ്തീയ വിശ്വാസത്തിന്റെ ഏറ്റവും ആഴമുള്ള സത്യം ഉയിർത്തെഴുന്നേൽക്കുന്നത്: മണ്ണിനകത്ത് അടക്കം ചെയ്ത ജീവിതങ്ങൾ പോലും വീണ്ടും പടർന്ന് പന്തലിക്കാം.

വേനൽ എത്ര നീണ്ടാലും മഴയുടെ സാധ്യത ഇല്ലാതാകുന്നില്ല. മണ്ണ് എത്ര കരിഞ്ഞാലും വേരുകൾ മുഴുവനായി മരിക്കുന്നില്ല. മനുഷ്യന്റെ ഉള്ളിൽ ദൈവം നട്ടുവെച്ച സ്നേഹവും കരുണയും വിശ്വാസവും, അവ എല്ലാം വേരുകളാണ്. ലോകത്തിന്റെ കടുപ്പം അവയെ മറച്ചുവെക്കാം; എന്നാൽ അവയെ ഇല്ലാതാക്കാൻ കഴിയില്ല.

ഒരിക്കൽ, ഒരിടത്ത്, ഒരൊറ്റ നിമിഷത്തിൽ ദൈവത്തിന്റെ കരുണ മഴയായി ഇറങ്ങും. അപ്പോൾ കരിഞ്ഞ ഭൂമി പച്ചപ്പായി മാറും. ഉണങ്ങിയ ശാഖകൾ വീണ്ടും ഇലകൾ ധരിക്കും. നിശ്ശബ്ദമായി കാത്തിരുന്ന വേരുകൾ വീണ്ടും ജീവിതത്തിന്റെ ഗാനം പാടും.

ചില മനുഷ്യരെ കുറിച്ചോർക്കുമ്പോൾ അറിയാതെ കണ്ണു നിറയും. അവരുടെ അവഗണനകളെ പറ്റി ഓർക്കും. എത്ര വേഗം മനുഷ്യബന്ധങ്ങൾ അന്യമായെന്ന് ഓർക്കും. വാക്കുകൾ മുറിഞ്ഞു പോയതോർക്കും. ഇരുട്ടത്തിരിക്കും

പിന്നെയും പിന്നെയും കണ്ണുനീർ വന്നിങ്ങനെ കവിളിൽ തൊട്ടു പോകും.

എന്തോരം മനുഷ്യരുണ്ടാവും ഈ ഭൂമിയിൽ ഒന്നോർത്തു നോക്കിയാൽ അവഗണനകളേറ്റു മുറിവേൽക്കുന്ന, അവഗണനയോളം ആഴമുള്ള മുറിവ് മറ്റൊന്നുമില്ല; എന്നാൽ പരിഗണനയോളം ശക്തമായ മരുന്നും ഇല്ല.

നമ്മൾ കാണുന്നത് വേനലാകാം. പക്ഷേ ദൈവം കാണുന്നത് മഴയ്ക്കായി കാത്തിരിക്കുന്ന വേരുകളെയാണ്. വേനൽ എത്ര കരിച്ചാലും മണ്ണിനടിയിൽ വേരുകൾ ഉണ്ട്. അവയ്ക്ക് വേണ്ടത് ഒരൊറ്റ മഴ മാത്രം. അപ്പോൾ അവ വീണ്ടും പടർന്ന് പന്തലിക്കും. ക്രിസ്തുവിന്റെ സ്നേഹം അതുപോലുള്ള മഴയാണ്, ഒരു നിമിഷം മതി, മരിച്ചുപോയെന്ന് തോന്നിയ ജീവിതങ്ങൾ പോലും വീണ്ടും പച്ചപ്പായി വിരിയാൻ. ❑

എറിത്രിയൻ ഓർത്തഡോക്സ് സഭാ ആർച്ച് ബിഷപ്പുമാർ പാമ്പാടി ദയറായിൽ പരിശുദ്ധ കാതോലിക്കാ ബാവായുമായി കൂടിക്കാഴ്ച്ച നടത്തി.

പോരുവഴി മാർ ബസേലിയോസ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളിയിൽ മാവേലിക്കര ഭദ്രാസന മെത്രാപ്പോലീത്ത എബ്രഹാം മാർ എപ്പി ഫാനിയോസിന്റെ മുഖ്യ കാർമികത്വത്തിൽ ഓശാന ശുശ്രൂഷ നടത്തി.

നിയമിതനായി



ഓർത്തഡോക്സ് സെമിനാരിയുടെ ആഭിമുഖ്യത്തിലുള്ള ദിവ്യബോധനം അത്മായ പരിശീലന പദ്ധതിയുടെ രജിസ്ട്രാർ ആയി ഫാ. കെ. വി. ഏലിയാസ് നിയമിതനായി. എം. ജി. സർവ്വകലാശാലയിൽ നിന്ന് ഭൗതിക ശാസ്ത്രത്തിൽ ബിരുദവും, ബാംഗ്ലൂർ യുണൈറ്റഡ് തിയോളജിക്കൽ കോളജിൽ നിന്ന് ബി.ഡി. ബിരുദവും സെറാംപൂർ സർവ്വകലാശാലയിൽ നിന്ന് പഴയനിയമത്തിൽ എം. ടി. എച്ചും നേടി. കോട്ടയം പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിലീജിയസ് സ്റ്റഡീസ് (POIRS) ഗവേഷണം നടത്തുന്നു. ദിവ്യബോധനം രജിസ്ട്രാറായും (2017-2020) നാഗ്പൂർ സെന്റ് തോമസ് ഓർത്തഡോക്സ് സെമിനാരിയിൽ പാർട്ട് ടൈം ഫാക്കൽറ്റിയായും സേവന മനുഷ്ഠിച്ചു. കോട്ടയം സെമിനാരിയിലെ പഴയ നിയമ വിഭാഗത്തിൽ 2011 മുതൽ അധ്യാപകനാണ്. കോലഞ്ചേരി സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് ഓർത്തഡോക്സ് ഇടവകാംഗവും ഇപ്പോൾ കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിലെ പാങ്കോട് സെന്റ് ജോൺസ് പള്ളി വികാരിയും.

നിയമിതനായി

ഓർത്തഡോക്സ് വൈദിക സെമിനാരിയുടെ ലൈബ്രേറിയനായി ഫാ. സിജു വർഗീസ് കോശി നിയമിതനായി. ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയിൽ നിന്ന് ജി.എസ്.റ്റി, സെറാംപൂർ യൂണിവേഴ്സിറ്റിയിൽ നിന്ന് ബി.ഡി, കോട്ടയം എം.ജി സർവ്വകലാശാലയിൽ നിന്ന് പൊളിറ്റിക്കൽ സയൻസിൽ എം.എ.യും ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസിൽ ബിരുദവും നേടി. അണ്ണാമലൈ യൂണിവേഴ്സിറ്റിയിൽ നിന്നും ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസിൽ MLISc യും കരസ്ഥമാക്കി. നിരണം ഭദ്രാസനത്തിലെ കാവുംഭാഗം സെന്റ് മൽക്ക് ഓർത്തഡോക്സ് പള്ളി ഇടവകാംഗമാണ്. ഇപ്പോൾ വളഞ്ഞവട്ടം കിഴക്ക് സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി വികാരി. തിരുവല്ല മണലിൽ കുടുംബാംഗമാണ്.

> ''നിത്യവും ദൈവപ്രാർത്ഥന ചെയ്യുന്നവൻ ഒരിക്കലും അസത്യവാനോ ദുർമ്മാർഗ്ഗിയോ, അവിശ്വാസിയോ, ഭക്തിഹീനനോ, ജനദ്വേഷിയോ, സ്വാമിദ്രോഹിയോ ആയിത്തീരുന്നതല്ല.''
>
> – പ. പരുമല തിരുമേനി

എറിത്രിയൻ ഓർത്തഡോക്സ് സഭയിലെ അഭിവന്ദ്യരായ Abune Lukas, the General Adminstration of the Patriarchate office and member of the Holy Synod, Abune Merkorewos, Bishop of Anseba Diocese and Member of the Holy Synod, Abune Sawiros, Bishop of Southern Diocese and Member of the Holy Synod, Rev. Bereket Kidane, Head of Foreign Relationship of the Patriarchate and Protocol Office of the Holy Synod എന്നിവർ പരുമല സെമിനാരി സന്ദർശിച്ചു. കോട്ടയം ഓർത്തഡോക്സ് വൈദിക സെമിനാരി പ്രിൻസിപ്പൽ ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ, പരുമല സെമിനാരി മാനേജർ ഫാ. എൽദോസ് ഏലിയാസ്, ഫാ. ഡോ. എം. പി. ജോർജ് കോർ എപ്പിസ്കോപ്പാ, പരുമല സെമിനാരി അസി. മാനേജർമാരായ ഫാ. ജെ. മാത്തുക്കുട്ടി, ഫാ. ഗീവർഗീസ് മാത്യു എന്നിവർ ചേർന്ന് സ്വീകരിച്ചു.

പിറവം വലിയപള്ളിയിൽ പ്രതിഷേധ സംഗമം

പിറവം: ഹൈക്കോടതി വിധി തെറ്റിദ്ധരിപ്പിച്ച് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പിറവം സെന്റ് മേരീസ് ഓർത്തഡോക്സ് വലിയ പള്ളിയിലേക്ക് മാരകായുധങ്ങളുമായി വന്നു അസഭ്യവർഷം നടത്തുകയും കൈയ്യേറ്റ ശ്രമം നടത്തുകയും ചെയ്ത വിഘടിത യാക്കോബായ വിഭാഗത്തിന്റെ പ്രവർത്തനത്തിനെതിരെ പിറവം പള്ളിയിൽ കൂടിയ യോഗം പ്രതിഷേധിച്ചു. മലങ്കര ഓർത്തഡോക്സ് സഭാ അൽമായ ട്രസ്റ്റി റോണി വർഗ്ഗീസ് എബ്രഹാം, അസ്സോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിയുടെ സെക്രട്ടറി ഫാ. ബൈജു ജോൺസൻ, ഇടവക വികാരിമാർ, ഇടവക ഭാരവാഹികൾ തുടങ്ങിയവർ പ്രസംഗിച്ചു. നിയമവാഴ്ചയെ വെല്ലുവിളിക്കുന്ന പ്രവണത അവസാനിപ്പിക്കണമെന്നും പ്രകോപനത്തിന്റെ മാർഗ്ഗം സ്വീകരിക്കുന്നവരെ നിയമപരമായി നേരിടണമെന്നും യോഗം ആവശ്യപ്പെട്ടു.

ഫാ. സി. കെ. വർഗ്ഗീസ് അന്തരിച്ചു

കോട്ടയം ഭദ്രാസനത്തിലെ വൈദികനായിരുന്ന കൊച്ചേരിൽ ഫാ. സി. കെ. വർഗ്ഗീസ് അന്തരിച്ചു. കോട്ടയം ഭദ്രാസനത്തിലെ വിവിധ ദേവാലയങ്ങളിൽ വൈദികനായി ശുശ്രൂഷ അനുഷ്ഠിച്ചു.

സംസ്ക്കാരം നടത്തി.

പുതുപ്പള്ളി പാറേട്ട് ആശുപത്രിയുടെ നിയന്ത്രണം പരുമല ആശുപത്രി മാനേജ്മെന്റ് ഏറ്റെടുത്തു

കോട്ടയം: പുതുപ്പള്ളിയിൽ പ്രവർത്തിക്കുന്ന പാറേട്ട് മാർ ഈവാനിയോസ് ആശുപത്രിയുടെ ഭരണനിയന്ത്രണവും, പ്രവർത്തന ചുമതലയും പരുമല സെന്റ് ഗ്രിഗോറിയോസ് മെഡിക്കൽ മിഷൻ മൾട്ടി സ്പെഷ്യാൽറ്റി ആശുപത്രി ഏറ്റെടുത്തു. ഏപ്രിൽ 1-നു ഓർത്തഡോക്സ് സഭ കോട്ടയം ഭദ്രാസനാധിപൻ ഡോ. യൂഹാനോൻ മാർ ദിയസ്കോറസിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ ആശീർവാദം നിർവ്വഹിച്ചു. ഇതോടെ പരുമല ആശുപത്രിയിലെ ഡോക്ടർ മാരുടെ മേൽനോട്ടത്തിൽ പരിശോധനകളും മറ്റ് സൗകര്യങ്ങളും പുതുപ്പള്ളിയിലും ലഭ്യമാകും.

മദ്ധ്യസ്ഥ പ്രാർത്ഥന

കർത്താവിന്റെ മഹിമയോടു ചേർന്നു വസിക്കുന്നവർക്കു ഒരു കുലുക്കവും ഇളക്കവും ഇല്ല, അവർക്കു നല്ല ഉറപ്പും, ധൈര്യവും ഉണ്ടായിരുന്നു. എന്തെല്ലാം ദുരിതങ്ങളും കഷ്ടതകളും ഉണ്ടായാലും അതെല്ലാം ദൈവകുഞ്ഞുങ്ങൾക്കു അനുഗ്രഹമായിട്ടെ തീരുകയുള്ളു. എന്തെന്നാൽ ദൈവപുത്രൻ പിതാവായ ദൈവത്തിന്റെ വലത്തുഭാഗത്ത് എപ്പോഴും നമ്മെ അനുഗ്രഹിച്ചുകൊണ്ടു നിൽക്കുന്നു. അവന്റെ സഹോദരന്മാരാകുന്നു നാം. അവൻ പിതാവായ ദൈവത്തിന്റെ അടുക്കൽ എപ്പോഴും നമുക്കുവേണ്ടി മദ്ധ്യസ്ഥ പ്രാർത്ഥന ചെയ്തു കൊണ്ടു നിൽക്കുന്നു.

– പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി





ഭോപ്പാൽ സെന്റ് തോമസ് ഓർത്തോഡോക്സ് കത്തീഡ്രലിൽ വാദേ ദൽമീനോ ശുശ്രൂഷയ്ക്ക് കൽക്കട്ട ഭദ്രാസന മെത്രാപ്പോലീത്താ അലക്സിയോസ് മാർ യൗസേബിയോസ് പ്രധാന കാർമികത്വം വഹിച്ചു. ഫാ. എം. ജെ. മാത്യു (വികാരി), ഫാ. ജിജിൻ സാം ജെയിംസ് (സഹ വികാരി), ഫാ. സിജോ ചാക്കോ, ഫാ. ജോയൽ മാത്യു എന്നിവർ സഹകാർമികത്വം വഹിച്ചു.

പരുമല സെമിനാരിയിലെ ഓശാന പെരുന്നാൾ ശുശ്രൂഷയ്ക്ക് അഹമ്മദാബാദ് ഭദ്രാസന മെത്രാപ്പോലീത്താ ഡോ. ഗീവർഗീസ് മാർ തെയോഫിലോസ് പ്രധാന കാർമികത്വം വഹിച്ചു.

സഭാജീവിത നാളാഗമം

പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാബാവാ

പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ 1956-1961 കാലത്തെ ഡയറിക്കുറിപ്പുകളുടെ സമാഹാരം.

350 പേജ്. വില 400 രൂപ.

പ്രസാധകർ:
ജ്യോതിസ്സ് പബ്ലിക്കേഷൻസ്,
ജ്യോതിസ്സ് ആശ്രമം, അബു റോഡ്,
രാജസ്ഥാൻ



കോപ്പികൾക്കു 7012270083 എന്ന വാട്ട്സാപ്പ് നമ്പറിൽ ബന്ധപ്പെടുക.